THE CHURCH WEEKLY

ചർച്ച്‌വീക്കിലി ഒററപ്രതി 13 നഃ പൈസ

വാല്യം XI | 1957 ആഗസ്റ്റ് 25 | ലക്കം 31

Thought for the week

Never let us [illegible] discou-raged with [illegible] it [illegible] not when we are [illegible] of our faults that [illegible] most wicked; on [illegible] ary, we are less so [illegible] see by a brighter light and let us remember, for our [illegible] solat ion, that we never perceive our sins till we begin to cure them.

F'eneoln.

വിദ്യാഭ്യാസബില്ലും ക്രിസ്ത്യാനികളും

കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറു് വിദ്യാഭ്യാസം സംബന്ധിച്ച ഒരു ബിൽ അവതരിപ്പിക്കാതെ മൗനമായിരുന്നെങ്കിൽ വളരെ വിസ്മയജനകമായ ഒരു വസ്തുത ആയി അതു തീരുമായിരുന്നു. കമ്മ്യൂണിസ്റ്റ് ആധിപത്യം സ്ഥാപിച്ചിട്ടുള്ള എല്ലാ രാജ്യങ്ങളിലും ആ വിഷയത്തിൽ സർവാധിപത്യം കൈവശപ്പെടുത്താനുള്ള നടപടികൾ ഗവർമ്മെൻറു സ്വീകരിക്കുക പതിവാണ്. കേരളത്തിലും ആ പ്രയത്നം നടന്നുകൊണ്ടിരിക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല. വിദ്യാഭ്യാസം സംസ്ഥാനഗവർമ്മെൻറുകളുടെ ചുമതലയിൽപെട്ട വിഷയമായതുകൊണ്ട് കേരളഗവർമ്മെൻറു ആ കാര്യത്തിൽ ശ്രദ്ധിക്കുന്നെങ്കിൽ അതിൽ കുറ്റം വിധിക്കാനുമില്ല. എന്നാൽ ഇപ്പോൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ബില്ലിൽ വിദ്യാഭ്യാസപരിഷ്കാരം ഒരു ഉദ്ദേശമേ അല്ല. അതിനുള്ള ബിൽ ഇനിയും വരാനിരിക്കുന്നതേയുള്ളൂ. ഇപ്പോഴത്തെ ബിൽ വിദ്യാഭ്യാസം ഇഷ്ടംപോലെ കൈകാര്യം ചെയ്യാനുള്ള അധികാരത്തിനുവേണ്ടിയുള്ള പ്രഥമനടപടിയാണ്. അതു ലഭിച്ചുകഴിഞ്ഞാൽ പിന്നത്തെ കാര്യമാണ് യഥാർത്ഥ വിദ്യാഭ്യാസനയം സംബന്ധിച്ച കമ്മ്യൂണിസ്റ്റുകാർക്കുള്ള പരിപാടി നടപ്പാക്കുകയെന്നുള്ളതു്. കേരളത്തിലെ കമ്മ്യൂണിസ്റ്റുപാർട്ടിയെ അധികാരത്തിലാക്കിയ കൂട്ടരിൽ പല ജനായത്ത ഭരണവിശ്വാസികളും ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളതിനു് സംശയമില്ല. അവരുടെ ചിന്താഗതി ഏതാണ്ടിപ്രകാരമാണ്. "ഈ കോൺഗ്രസ്സുകാർ ഭരിച്ചിട്ട് ഒരു ഗുണവുമില്ല. ആ കക്ഷിയിലെ നേതാക്കന്മാർ കൊള്ളരുതാത്തവരും സ്വാർത്ഥമതികളും, പരസ്പരമത്സരങ്ങൾ കൊണ്ട് രാജ്യം നശിപ്പിക്കുന്നവരുമാണ്. ഈ കമ്മ്യൂണിസ്റ്റുകൾ ഏതാണ്ടൊക്കെ ചെയ്യാമെന്നു പറയുന്നുണ്ട്: എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും വസ്ത്രം, എല്ലാവർക്കും കിടപ്പാടം, തൊഴിലാളികൾ ആവശ്യപ്പെടുന്ന കൂലി, ഇങ്ങനെയുള്ള സ്വപ്നങ്ങൾ അവർ യാഥാർത്ഥ്യങ്ങളാക്കുമോ എന്നു നോക്കാം. പിന്നെ രണ്ടു ദൂഷ്യമവർക്കുള്ളതു് ഈശ്വരനിലുള്ള വിശ്വാസമില്ലെന്നും, അവർക്കു് അധികാരം കിട്ടിക്കഴിഞ്ഞാൽ എതിരഭിപ്രായക്കാരെ കൊന്നൊടുക്കുമെന്നുള്ളതാണ്. അവ അത്ര ഭയപ്പെടാനില്ല. കേന്ദ്രത്തിൽ കോൺഗ്രസ്സുഭരണമാണല്ലോ, ഇപ്പോഴാണ് അവരുടെ ഗുണമൊന്നു പരീക്ഷിച്ചുനോക്കേണ്ടതു്." കോൺഗ്രസ്സ് പ്രമാണികളുടെ ദൂഷ്യങ്ങളിൽ ഈർഷ്യാകുലരായി ഇടതുപക്ഷങ്ങളിലേക്കു മാറിപ്പോയി വോട്ടുനൽകുന്നവരുടെ മനോഗതിയാണ് മേൽ വിവരിച്ചതു്. ഇങ്ങനെയുള്ളവരുടെ സംഖ്യ കുറച്ചൊന്നുമല്ല. വളരെയുണ്ട്. അവരാണ് കമ്മ്യൂണിസ്റ്റാധിപത്യത്തിനു ഗണ്യമായ സഹായം ചെയ്തവർ. അങ്ങനെയുള്ള പ്രതിഷേധമനോഗതിക്കാർ ഇപ്പോഴത്തെ വിദ്യാഭ്യാസബിൽ മനസ്സിരുത്തി വായിച്ചുനോക്കണമെന്നാണ് ഞങ്ങൾക്കഭ്യർത്ഥിക്കുവാനുള്ളതു്. വിദ്യാഭ്യാസം സംബന്ധിച്ച് അതിലെന്തുണ്ട്? വിദ്യാഭ്യാസം സംബന്ധിച്ച പൊതുജനങ്ങളുടെ മനസ്സിനെ വിഷമിപ്പിക്കുന്ന വല്ല പ്രശ്നങ്ങളെയും അഭിമുഖീകരിക്കുവാൻ ഈ ബില്ലിൽ ശ്രമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു പരിഹാരമാണ് അതിൽ നിർദ്ദേശിച്ചിരിക്കുന്നതു്. നമ്മുടെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനില ഉയർത്താനും ഉത്തമപൗരന്മാരായി രാജ്യസേവനം നടത്തുവാൻ അവരെ പരിശീലിപ്പിക്കുവാനും, അദ്ധ്യാപകലോകത്തിലേക്കു ശ്രേഷ്ഠന്മാരായ പക്വമതികളെ ലഭിക്കുവാനും എന്തു ശ്രമമാണ് ആ ബില്ലിലുള്ളതു്? ഇവയൊന്നും തൽക്കാലം ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ പെട്ട വിഷയങ്ങളല്ലെന്നു വേണം വിചാരിക്കുവാൻ. ഗവർമ്മെൻറിൻെറ സർവാധികാരത്തിൽ വിദ്യാഭ്യാസം വന്നുചേർന്നുപോയാൽ എല്ലാക്കാര്യങ്ങളും താനെ നന്നായിക്കൊള്ളുമെന്നുള്ള അവകാശവാദത്തോടുകൂടിയുള്ള ബില്ലാണിതു്. പ്രത്യക്ഷത്തിൽ തന്നെ അനുവദിച്ചുകൊടുക്കാൻ നിവൃത്തിയില്ലാത്ത ഒരു അവകാശവാദമാണതു്. ഗവർമ്മെൻറിനു് സർവാധികാരമുള്ള വിദ്യാലയങ്ങളും പ്രൈവറ്റ് ഏജൻസികൾ നടത്തുന്ന വിദ്യാലയങ്ങളും തമ്മിലുള്ള അജഗജാന്തരം ഗവർമ്മെൻറിൻെറ അവകാശവാദത്തെ സാധൂകരിക്കുന്നില്ല. അദ്ധ്യയനത്തിൻെറ മാനദണ്ഡമോ, ശിക്ഷണ പരിപാലനത്തി

ന്റെ മാതൃകയൊ, അദ്ധ്യാപകരുടെ സേവനമനോഭാവത്തിന്റെ നിലയൊ, വിദ്യാത്ഥികളുടെ സ്വഭാവരൂപവൽക്കരണത്തിലുള്ള ശ്രദ്ധയൊ ഇങ്ങനെയുള്ള കാര്യങ്ങളിൽ ഒന്നിലും ഗവർമ്മെന്റുവിദ്യാലയങ്ങൾക്ക പ്രൈവറ്റ്‌വിദ്യാലയങ്ങളെക്കാൾ മേന്മയുള്ളതായി ആരും പരിഗണിക്കുന്നില്ല. നേരെമറിച്ചാണ് അനുഭവം. ആ സ്ഥിതിക്ക് വിദ്യാലയങ്ങളെയെല്ലാം ഗവർമ്മെന്റുസ്കൂളുകൾ ഇപ്പോൾ എത്തിയിരിക്കുന്ന നിലയിലേക്ക വലിച്ചുതാഴ്ത്തുകയാണ് ബിൽ കൊണ്ടുദ്ദേശിക്കുന്നതെന്നു വേണം പറയുവാൻ. അതു് രാജ്യം അനുവദിക്കണമൊയെന്നുള്ളതാണ് പ്രശ്നം. കോഴവാങ്ങുകയും അദ്ധ്യാപകനെ ഉപദ്രവിക്കുകയും ചെയ്യുന്നുവെന്ന പരാതിക്കു വിധേയരായ മാനേജർമാർ നടത്തുന്ന സ്കൂളുകളുടെ നിലയെങ്കിലും സർക്കാർ സ്കൂളുകൾ പ്രാപിച്ചിട്ട് ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ ഗവർമ്മെന്റു ശ്രമിക്കുകയായിരുന്നു വേണ്ടതു്. അദ്ധ്യാപകനിയമനത്തിനു് കോഴകൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന പ്രൈവറ്റ്സ്കൂളുകളെ നന്നാക്കുവാൻ, ഒരു സ്ഥലംമാറ്റത്തിനുപോലും കോഴയോ ശുപാർശയോ വേണ്ടിവരുന്ന ഒരു വ്യവസ്ഥിതിയിലേക്ക മാറ്റുവാനാണ് ഗവർമ്മെന്റിന്റെ പരിഹാരനിർദ്ദേശം. ഗവർമ്മെന്റിന്റെ ഏതു ഡിപ്പാർട്ടുമെന്റിലും കുപ്രസിദ്ധമായിരിക്കുന്ന കൈക്കൂലിയും അഴിമതിയും ഇല്ലാതാക്കുവാൻ ഗവർമ്മെന്റു എന്തെങ്കിലും ചെയ്തിട്ട് മാനേജരുടെ കൈക്കൂലിക്കാര്യത്തിൽ പ്രവേശിച്ചിരുന്നെങ്കിൽ പൊതുജനങ്ങൾക്ക മനസ്സിലാക്കാമായിരുന്നു. മാനേജർ കൈക്കൂലി വാങ്ങിയാൽ തികച്ചും ശിക്ഷാർഹനാണ്. ആ വക കാര്യത്തിൽ അധിക്ഷേപത്തിനതീതമായി വിധത്തിൽ വർത്തിക്കേണ്ട ഒരു ഉന്നതവ്യക്തി പണംവാങ്ങിച്ചുകൊണ്ട് മാക്ക കൂട്ടിക്കൊടുക്കുന്ന അദ്ധ്യാപകന്റെ നിലയിലേക്ക് അധഃപതിക്കുകയാണ്. രണ്ടും നടക്കുന്നുണ്ട്. ഗവർമ്മെന്റിന്റെ ശ്രദ്ധ ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ ചെലുത്തി അവ കൂടാതെയിരിക്കുന്നതിനു് മാർഗ്ഗം അന്വേഷിക്കുകയാണ് വേണ്ടതു്. ഒരു പ്രധാനമന്ത്രിയോ, മറ്റേതെങ്കിലും മന്ത്രിമാരോ കോഴവാങ്ങിയെന്നുള്ള കാരണത്താൽ മന്ത്രിസഭയേ വേണ്ടെന്നു് ആരും വാദിക്കുകയില്ലല്ലൊ. ഒരു മാനേജർ കൈക്കൂലി വാങ്ങിയതിനു് സർവ്വ മാനേജരന്മാരെയും ശിക്ഷസ്സുവിധിക്കുന്ന ഒരു അനീതിയാണ് ബില്ലിലുള്ളതു്. ഇത്രയും ഗൗരവനടപടികൾ കൂടാതെ ആ അഴിമതിനീക്കുവാൻ ഗവർമ്മെന്റിനു് സാധിക്കുകയില്ലെങ്കിൽ വളരെ സങ്കുചിതമായ ഒരു ഭാവനാവൈഭവമാണ് ഗവർമ്മെന്റുപ്രത്യക്ഷപ്പെടുത്തുന്നതു്. എലിയെപ്പേടിച്ചു ഇല്ലം ചുടുന്ന നയം വളരെ ബുദ്ധിവൈഭവത്തെയാണ് കാണിക്കുന്നതെന്നു ചിലർ വാദിച്ചേക്കാം. കുറെ വർഷങ്ങൾക്കുമുമ്പ് തിരുവിതാംകൂർഗവർമ്മെന്റു് ഒരു വാഴവെട്ട്പരിപാടി നടപ്പാക്കി. എവിടെയൊ വാഴരോഗം പിടിപെട്ടുവെന്നു് പറഞ്ഞു നാട്ടിലുള്ള നല്ല വാഴകളെല്ലാം വെട്ടിമൂടണമെന്നു് അനുശാസിക്കുന്ന ഒരു ഉത്തരവ് ഗവമ്മെന്റു നടപ്പാക്കി. രോഗമുള്ള വാഴ പിഴുതു നശിപ്പിക്കണമെന്നു പറയുന്നതു് മനസ്സിലാക്കാം. എന്നാൽ അന്നത്തെ വാഴസംഹാരരുദ്രതയിൽ പെട്ടു എത്ര കർഷകരാണ് നഷ്ടം സഹിച്ചതു്. എന്നു പറഞ്ഞതുപോലെയാണ് ഏതോ മാനേജർമാർ കോഴവാങ്ങിയെന്നോ, മറ്റു അക്രമങ്ങൾ നടത്തിയെന്നോ ഉള്ള കിംവദന്തികളെ ആസ്പദമാക്കി മാനേജർ നിഷ്കാസനത്തിനു് ഗവമ്മെന്റു ഉദ്യുക്തമായിരിക്കുന്നതു്. കൈക്കൂലി വാങ്ങുന്ന ചില ജഡ്ജിമാർ ഉണ്ടെന്നുള്ള കാരണത്താൽ കോടതികൾ നിരുത്തലാക്കാൻ ഗവമ്മെന്റു തയാറാകാത്തതു് അതിന്റെ യുക്തിരാഹിത്യം മാനേജർ നിഷ്കാസനംപോലെ പ്രകടമായി കാണാത്തതുകൊണ്ടാണ്. ദേശവൽക്കരണം സംബന്ധിച്ചു ശ്രീ ജയപ്രകാശനാരായൻ ഈയിട ഒരു [illegible] പുറപ്പെടുവിച്ചുകണ്ടു. എല്ലാ കാര്യങ്ങളും സർക്കാർ ഉദ്യോഗസ്ഥന്മാരുടെ കൈയ്യിൽ ചെന്നുചേന്നാൽ എല്ലാം ഭംഗിയായി എന്ന അബദ്ധധാരണയിൽ അടിസ്ഥാനമാക്കിയുള്ള ഒരു ഭ്രമമാണ് ദേശവൽക്കരണമെന്നു അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ബിസ്സിനസ്സും വിദ്യാഭ്യാസവും, ആതുരശുശ്രൂഷയുമെല്ലാം "സക്കാർകാര്യം മുറപോലെ നടക്കു"മെന്ന രീതിയിൽ നടത്തിയാലത്തെ ഫലമെന്താണെന്നു കാണ്മാൻ അത്ര ദീർഘദൃഷ്ടിയൊ[illegible] ആ[illegible]മില്ല. ഗവമ്മെന്റി[illegible] പ്രധ[illegible]മതല നിയമസമാ[illegible] എല്ലാ ജീവിതരംഗങ്ങളിലും പാലിക്കപ്പെടുന്നുണ്ടോ എന്നു [illegible]ക്കുകയാണ്. പ്രൈവറ്റു് ഏജ[illegible]കൾക്കു് ന്യായമായ പ്രവത്തനസ്വാതന്ത്ര്യങ്ങൾ അനുവദിച്ചു് വിവിധരംഗങ്ങളിൽ ബുദ്ധിയും, സാമർത്ഥ്യവും, സേവനചാതുര്യവും പ്രകടിപ്പിക്കുവാൻ ജനങ്ങൾക്കു സൗകര്യം നൽകണം. പരസ്പരചൂഷണങ്ങളും അക്രമങ്ങളും നടക്കാതിരിക്കുവാൻ ഗവമ്മെന്റു നടപടികൾ കർശന[illegible]ണം. അവയിൽ നീതിബോധമു[illegible]വർ സഹകരിക്കതന്നെചെയ്യും. ജനങ്ങളുടെ നിർബാധവും സ്വതന്ത്രവും ന്യായവുമായ പ്രയത്നങ്ങളെ പ്രോത്സാഹിപ്പിച്ചു ഉല്പാദനവും ഐശ്വര്യവും വളർത്തി, അവരുടെ പ്രയത്നഫലത്തിന്റെ ഒരു ഭാഗം ഇല്ലാത്തവർക്കും പ്രയോജനപ്പെടുത്തുവാനും ഗവമ്മെന്റിനവകാശമുണ്ട്. അധികാരമുണ്ട്. എന്നാൽ "സ്റ്റേറ്റു്" എന്നു പറയുന്നതു് ജീവിതത്തിന്റെ സകല വശങ്ങളെയും നിയന്ത്രിക്കാൻ സർവ്വാധിപത്യമുള്ള ഒരു സംഘടനയല്ല. "സ്റ്റേറ്റു" ജീവിതത്തിന്റെ ഒരു വശംമാത്രമാണ്. "കൈസറിനുള്ളതു് കൈസറിനും ദൈവത്തിനുള്ളതു് ദൈവത്തിനും" എന്നു യേശുക്രിസ്തു പറഞ്ഞിട്ടുണ്ട്. ദൈവത്തിനുള്ളതു് കൈസറിനു് കൊടുക്കരുതു്. അതുകൊണ്ടു് ജീവിതത്തിൽ സ്റ്റേറ്റിന്റെ പരിപൂർണ്ണനിയന്ത്രണത്തിനു് വിധേയമാകാതെ നിൽക്കേണ്ട പലതുമുണ്ട്. ആ മൗലികാവകാശങ്ങൾ ധ്വംസിക്കുന്ന വ്യവസ്ഥകളും നിരോധനങ്ങളും ബില്ലിലുണ്ടെന്നുള്ളതാണ് ക്രിസ്ത്യാനികൾക്കു് പ്രതിഷേധാർഹമായി നിൽക്കുന്നതു്.

ദി ബാങ്ക് ഓഫ് ന്യൂ ഇൻഡ്യാ (ക്ലിപ്തം)

H.O. തിരുവനന്തപുരം

ചെയർമാൻ–മി: കെ. ജോർജ്ജ് ബി. എ.

ശാഖകൾ

ആലപ്പുഴ
ആലുവാ
ചാത്തന്നൂർ
ചെങ്ങന്നൂർ
ചിറയിൻകീഴ്
എറണാകുളം
കോട്ടയം
കോഴഞ്ചേരി
കുമ്പനാട്ട്
പന്തളം
പത്തനംതിട്ട
പുനലൂർ
തിരുവല്ലാ
തിരുവനന്തപുരം
വക്കം (കടയ്ക്കാവൂർ)
വെണ്ണിക്കുളം
പെരുമ്പാവൂർ

കെ. ഇ. ചെറിയാൻ

ജനറൽ മാനേജർ.

സഭാപരിവർത്തനം

(പി. കെ. മാത്യൂ, ബി. എ. ബി. എൽ.)

ബ: സി. ഏ. ഏബ്രഹാം അച്ചന്റെ സഭാപരിവത്തനം സംബന്ധിച്ചു് 'സത്യദീപ'ത്തിൽ അദ്ദേഹം എഴുതിയിരുന്ന ലേഖനവും ചർച്ച്‌വീക്കിലിയിലെ മുഖപ്രസംഗത്തിൽ പറഞ്ഞിരിക്കുന്നപോലെ അച്ചന്റെ ലേഖനത്തിനു് അദ്ദേഹം തന്നെ മുൻകൂട്ടി എഴുതിയിരുന്നപോലെയുള്ള മറുപടിയും സാധാരണക്കാരെ അത്ഭുതപ്പെടുത്തുന്നവയാണ്. ചർച്ചുവീക്കിലിയിലെ അദ്ദേഹത്തിന്റെ മുഖപ്രസംഗം പ്രസിദ്ധംചെയ്തു് പത്തുമാസം തികയുന്നതിനു മുമ്പ് പ്രത്യക്ഷപ്പെട്ടിരിക്കുന്ന 'വിശ്വാസപ്രസ്താവനക'ളുടെ ബീജം അദ്ദേഹത്തിന്റെ ഹൃദയത്തിൽ കുടികൊണ്ടതു് എന്നായിരിക്കുമൊ. അഭിപ്രായം ഇരുമ്പുലക്കയല്ലെന്നു് ആരോ പറഞ്ഞിട്ടുണ്ട്. റബ്ബർപോലെ വലിച്ചുനീട്ടുകയൊ ഞെക്കിവളയ്ക്കുകയൊ ചെയ്യാവുന്നതായിരിക്കാം. എന്നാൽ ബുദ്ധിമാന്മാർ തങ്ങളുടെ സ്വന്തസാമർത്ഥ്യം കൊണ്ടു് എത്രമാത്രം വഞ്ചിക്കപ്പെടാമെന്നുള്ളതിനു് മേൽപ്പറഞ്ഞ പ്രസ്താവനകൾ ഉത്തമ ദൃഷ്ടാന്തങ്ങളല്ലയൊ എന്നു തോന്നിപ്പോകുന്നു. പരിവത്തനത്തിനു് ബ: അച്ചൻ പറയുന്ന ന്യായങ്ങൾ എത്രയൊ കാലങ്ങൾക്കു മുമ്പ് അദ്ദേഹം കേൾക്കയും പഠിക്കയും ചെയ്തിട്ടുള്ളവയാണ്. അവയ്ക്കുള്ള എതിർന്യായങ്ങൾ അദ്ദേഹത്തെപ്പോലെ തന്നെ എത്രയൊ പേർ ഏറ്റവും ശക്തിയായി എഴുതീട്ടുള്ളതുമാണ്. ഇവയ്ക്കു് ഒരന്ത്യതീരുമാനം ഉണ്ടാകുമെന്നും ആശിക്കേണ്ടതില്ല. ഒരു മുൻസിഫ് വിധിക്കുന്ന വിധിയെ ഡി. ജഡ്ജി അതെ തെളിവുകളും നിയമപുസ്തകങ്ങളും വച്ചുകൊണ്ടുതന്നെ അസ്ഥിരപ്പെടുത്തുന്നു. അതിനെ പലപ്പോഴും ഹൈക്കോടതി മറിച്ചെഴുതുന്നു. സുപ്രീംകോടതിയിൽ അതു വീണ്ടും മറിഞ്ഞെന്നുവരാം. അതിനുമീതെയും കോടതികളില്ലാത്തതുഭാഗ്യം. ഇവയിൽ തന്നെ തെളിവുകളെല്ലാം നോക്കി മനഃസാക്ഷിയനുസരിച്ചു് വിധിക്കുന്നവരുണ്ട്. അഭിഭാഷകന്മാരുടെ വാഗ്ധാടിയിലൊ പകിട്ടുപണികളിലൊ അകപ്പെടുന്നവരുണ്ട്. ഒഴിച്ചുകൂടാൻ വഹിയാത്ത സ്നേഹിതന്മാരുടെ പ്രേരണകളാൽ നിർബന്ധിതരായി വിധിയെഴുതുന്നവരുമുണ്ടായേക്കാം. പച്ചനോട്ടുകളുടെ അടികൾകണ്ടു് മനം മയങ്ങി അവയ്ക്കു് അടിമപ്പെട്ടുപോകുന്നവരേയും കണ്ടേക്കാം. സഭാപരിവത്തനക്കാരുടെ പ്രസ്താവനകൾക്കും ഇവയിൽ കൂടുതലായ പ്രാധാന്യമുണ്ടെന്നു് തോന്നുന്നില്ല.

ഉദ്ദേശ്യങ്ങൾ എന്തുതന്നെ ആയിരുന്നാലും സമർത്ഥന്മാരായ പട്ടക്കാരുടേയും മേൽപ്പട്ടക്കാരുടേയും സഭാപരിവത്തനത്തിൽ ഒരാശ്വാസം ഞാൻ കാണുന്നുണ്ട്. ഞാൻ നിൽക്കുന്നസഭയിലെ പള്ളികൾ ഇല്ലായിരുന്ന സ്ഥലങ്ങളിൽ താമസിക്കാനിടയായിട്ടുള്ളകാലങ്ങളിൽ ചില ഞായറാഴ്ച ദിവസങ്ങളിൽ ആരാധനയ്ക്കായി ഞാൻ റോമാപള്ളികളിൽ പോയിട്ടുണ്ട്. ആ സന്ദർഭങ്ങളിൽ എന്റെ കൈവശമുണ്ടായിരുന്ന പുസ്തകങ്ങൾ വായിച്ചു് ധ്യാനിക്കാമെന്നല്ലാതെ അവിടെ ലത്തീനിലൊ സുറിയാനിയിലൊ നടത്തികൊണ്ടിരുന്ന ആരാധനകളിൽ സജീവമായി പങ്കുകൊള്ളാൻ സാധിച്ചിട്ടില്ല. അവിടെക്കൂടിയിരുന്ന ജനങ്ങളും എന്നെപ്പോലെ തന്നെ 'കഥയറിയാതെ ആട്ടംകാണുന്ന' ഒരു സമൂഹമായിട്ടാണ് കണ്ടിട്ടുള്ളതു്. അതിനാൽ കാലം ചെയ്ത മാർ ഈവാനിയോസ് മെത്രാപ്പോലീത്താ റീത്തുപ്രസ്ഥാനത്തോടുകൂടി റോമാ സഭയിൽ ചേന്നതിനു ശേഷം എന്റെ ഒരു റോമൻ കത്തോലിക്കാസ്നേഹിതന്റെ മേശപ്പുറത്തു സുറിയാനിസഭയിലെ കർബാനക്രമം കിടക്കുന്നതു് കാണുന്നതിനും അതു് അദ്ദേഹം ഉപയോഗിക്കുന്നുണ്ടെന്നു് അറിയുന്നതിനും ഇടയായപ്പോൾ ഞാൻ അത്യധികം സന്തോഷിച്ചു. അതുപോലതന്നെ 'സത്യദീപ'ത്തിൽ ബ: ഏബ്രഹാം അച്ചന്റെ ഇംഗ്ലീഷ് ലേഖനത്തിലെ അവസാനഭാഗത്തെ ഒന്നുരണ്ടു വാചകങ്ങൾ എന്നെ സന്തോഷിപ്പിക്കുന്നു. അതായതു് "The great blessing of the re-union movement is that it does not cause any devotional uprooting. The real treasures of the Jacobite Church are preserved in the generous life of the Catholic church." (പുനരൈക്യപ്രസ്ഥാനത്തിലെ ഒരു വലിയ അനുഗ്രഹം അതു് ആരാധനക്രമങ്ങളെ പറിച്ചുകളയുന്നില്ല എന്നതാണ്. യാക്കോബായസഭയിലെ അമൂല്യനിധികളെ കത്തോലിക്കാസഭയുടെ ഉദാരജീവിതത്തിൽ പരിരക്ഷിക്കപ്പെടുന്നു.) തന്റെ പിതാക്കന്മാരുടെ പരിശുദ്ധസഭയിൽനിന്നും യൂണിയൻ കോളജ്, മദ്രാസ് ക്രിസ്ത്യൻകോളജ്, തിയോളജിക്കൽകോളജ് ഇവയിൽ നിന്നും ബ: അച്ചനും ആലുവാ ക്രൈസ്തവമഹിളാലയത്തിലെ ഒരു പൂർവ്വവിദ്യാർത്ഥിനിയായ അദ്ദേഹത്തിന്റെ പ്രിയ പത്നിക്ക് ആ സ്ഥാപനത്തിൽ നിന്നും കിട്ടീട്ടുള്ള പരിപാവനങ്ങളായ ആരാധനാനിധികളും ആദർശങ്ങളും പുതിയ സഭയിൽ പരിരക്ഷിക്കമൊത്രമല്ലാ ധാരാളമായി വ[illegible]ത്തു് നൂറുമേനി ഫലം പുറപ്പെടുവിക്കാൻ സർവ്വശക്തൻ അവരെ അനുഗ്രഹിക്കട്ടെ എന്നാണെന്റെ പ്രാത്ഥന. കെട്ടിയടച്ച ഒഴുക്കില്ലാത്ത കുളം എത്രതന്നെ വിസ്തൃതമായിരുന്നാലും അതിൽ വൻതാറാവൊ ചെറുതാറാവൊ ആയി കിടക്കുന്നതിനെക്കാൾ ലോകത്തിലെവിടേയും സഞ്ചരിച്ചു് ദൈവം സൃഷ്ടിച്ച മധുപുഷ്പങ്ങളിലെ തേൻ കുടിച്ചു് സ്രഷ്ടാവിനെ മഹത്വപ്പെടുത്തി ജീവി

സഭയും സമാധാനവും

സമാധാനത്തെപ്പററി ചില ചിന്തകൾ

യഥാർത്ഥമായ ആരാധന, സേവനം, സുവിശേഷ പ്രഖ്യാപനം എന്നീ മൂന്നുകാര്യങ്ങളാണ് സമാധാനത്തെക്കാൾ അത്യാവശ്യം.

(പോൾവറുഗീസ് ബി. ഏ., ബി. ഡി.)

അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ തിരുമേനി അന്തരിച്ചു. വിശാലഹൃദയനായ ഒരു തിരുമേനി പാത്രിയർക്കീസ്ഭാഗത്തെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഈ രണ്ടു സംഭവങ്ങളുടെ പശ്ചാത്തലത്തിൽ, സഭാസമാധാനത്തെപ്പററിയുള്ള പുതിയ പ്രത്യാശകൾ ചില യുവഹൃദയങ്ങളിലെങ്കിലും അങ്കുരിക്കുന്നെങ്കിൽ അതു തികച്ചും സ്വാഭാവികമാണല്ലൊ.

നാമൊരു പുതിയ സമാധാനോദ്യമത്തിനു തയ്യാറാകേണ്ടുന്ന കാലമാണോ ഇതു്? പലരും എനിക്കിങ്ങനെഎഴുതിഅയയ്ക്കുന്നുണ്ട്. ഇത്തരുണത്തിൽ നാം ചിന്തിക്കേണ്ടുന്ന ഒന്നുരണ്ടു കാര്യങ്ങളെ വിനീതമായി, പ്രാർത്ഥനാപൂർവ്വം ചൂണ്ടിക്കാണിക്കുവാനാഗ്രഹിക്കുന്നു.

സമാധാനമെന്തിനു്?

നാം ഏതെങ്കിലുമൊരു കാര്യത്തിനായി ആഗ്രഹിക്കുമ്പോൾ, ആ കാര്യത്തിനു സ്വതസ്സിദ്ധമായിട്ടുള്ള ഗുണത്തിനു പുറമെ നമ്മുടെ ആഗ്രഹത്തിന്റെ ഉദ്ദേശശുദ്ധികൂടെ കണക്കാക്കിയാലേ അതു നല്ലതാണൊ ചീത്തയാണൊ എന്നു തീരുമാനിക്കുവാൻ സാധിക്കുകയുള്ളു.

സമാധാനത്തിന്റെ എതിരാളികളുടെ ഉദ്ദേശശുദ്ധിയെ നാം പലപ്പോഴും ചോദ്യംചെയ്യാറുണ്ട്. സ്ഥാനമോഹം, വസ്തുക്കൾ നഷ്ടപ്പെട്ടുപോകുമെന്നുള്ള ഭയം, ഇങ്ങനെയുള്ള ദുരുദ്ദേശങ്ങളാണ് നാം അവരിൽ ആരോപിക്കുന്നതു്...അതേസമയത്തു് സമാധാനകാംക്ഷികളായ നമ്മുടെ ഉദ്ദേശങ്ങൾ കറയററവയാണോ? ...സാധാരണ പ്രസംഗങ്ങളിലെല്ലാം കേൾക്കുന്ന ഒരു കാര്യമാണ്, സമാധാനമുണ്ടായില്ലെങ്കിൽ നമ്മുടെ ആളുകളെല്ലാം റീത്തിൽ പോകുമെന്നുള്ളതു്. റീത്തിൽ പോകുന്നതിൽ നമുക്കുള്ള വിരോധമെന്താണ്? നമ്മുടെ വിഭാഗത്തിന്റെ സംഖ്യാബലം നഷ്ടപ്പെട്ടുപോകുമെന്നുള്ള ഭയം. അങ്ങനെ നമുക്കിപ്പോഴുള്ള സ്വാധീനശക്തി നഷ്ടപ്പെട്ടുപോകുമെന്നുള്ള ആശങ്ക. നമ്മുടെ സ്വന്ത മഹത്വത്തിനു ഹാനി ഭവിക്കുമെന്നുള്ള പേടി.

ഇതൊക്കെ പരിശുദ്ധങ്ങളായകാര്യങ്ങളാണോ? എനിക്കു വളരെ സംശയമുണ്ട്. നമ്മുടെ സംഖ്യാബലത്തേയും സ്വാധീനശക്തിയേയും മഹത്വത്തേയും സംരക്ഷിക്കുന്നതിനുള്ള ഒരുപകരണമായി നാം സഭയെ ഉപയോഗിക്കുന്നപക്ഷം സഭയ്ക്കു ജീവിക്കുവാനുള്ള അർഹതയില്ലാതായിത്തീരുകയാണ് ചെയ്യുന്നതു്. ദൈവത്തെ നമ്മുടെ സ്വന്ത മഹത്വത്തിനു ഉപയോഗിക്കുകയെന്ന മഹാപാപത്തിൽ നാം വീഴുകയാണു ചെയ്യുന്നതു്.

സമാധാനവും അഭിമാനവും

മററു ചിലരുടെ മനസ്സിൽ കിടക്കുന്ന പ്രധാന ഉദ്ദേശം "നാമെന്തിനു് ഈ ശീമക്കാരുടെ അടിമകളായിക്കിടക്കുന്നു? നമ്മുടെ കാര്യംനോക്കാൻ നമുക്കറിഞ്ഞുകൂടെ?" എന്നുള്ള ചിന്തയാണ്.

വളരെ ശരിയാണ്. ഭാരതീയ ക്രിസ്ത്യാനികൾക്കു നേതൃത്വം നൽകുവാനുള്ളകഴിവു സിറിയായിലെ സഭയ്ക്കില്ലെന്നു സിറിയായിലും പലസ്തീനിലും കുറെ ആഴ്ചകൾ കഴിച്ചുകൂട്ടിയതുകൊണ്ട് എനിക്കു വളരെ ബോദ്ധ്യമായിട്ടുണ്ട്.

പക്ഷെ, രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ മാതൃകയിൽ സഭാസ്വാതന്ത്ര്യത്തെപ്പററി നാം ചിന്തിക്കുന്നതു് അബദ്ധമാണ്. ഇംഗ്ലീഷ്കാർ നമ്മെ ചൂഷണം ചെയ്തുകൊണ്ടിരുന്നു. നമുക്കു് നമ്മുടെ സ്വന്തം ജീവിതം കെട്ടിപ്പടുക്കുന്നതിനു് അവർ പ്രതിബന്ധമായിരുന്നു. അതുകൊണ്ടു സ്വാതന്ത്ര്യം ഭാരതത്തിനാവശ്യമായിവന്നു.

സഭാസ്വാതന്ത്ര്യം അതുപോലെ അല്ല. സിറിയായിലെ സഭാംഗങ്ങൾ നമ്മുടെ സഹോദരങ്ങളാണ്. അവിടത്തെ പാത്രിയർക്കീസുബാവായും മെത്രാന്മാരും മലങ്കരയിലെ പ്രതിനിധിയും ഒക്കെ നാമുൾപ്പെട്ടു നിൽക്കുന്ന സഭയിലെ ആത്മീയപിതാക്കന്മാരാണ്. അല്ലാതെ നമ്മെ ചൂഷണം ചെയ്യുന്ന ഒരു എതിർശക്തിയൊന്നുമല്ല. അവരുടെ നിയന്ത്രണത്തിൽനിന്നും നാം സ്വാതന്ത്ര്യം കാംക്ഷിക്കുന്നതു നമ്മുടെ അഭിമാനത്തിനു വേണ്ടിയൊന്നുമല്ല. പ്രത്യേകമായും രണ്ടു കാരണങ്ങളെക്കൊണ്ടാണ്.

ഒന്നാമതു്, ഭാരത ക്രൈസ്തവസഭയുടെ ഒരു വിപൽഘട്ടത്തിൽ സിറിയായിലെ സഭ നമ്മെ വളരെ സഹായിച്ചുവെങ്കിലും, ഇന്നു നമ്മുടെ പ്രശ്നങ്ങളെയും പ്രയാസങ്ങളെയും മനസ്സിലാക്കി ശരിയായ നേതൃത്വം നൽകുവാനുള്ള കഴിവൊ അവകാശമൊ അവർക്കില്ലെന്നുള്ളതാണ്. ഒരു രാജ്യത്തെ സഭ മറെറാരു രാജ്യത്തെ സഭയെ സഹായിക്കണമെന്നല്ലാതെ ഭരിക്കണമെന്നു നമ്മുടെ കർത്താവു് ഉദ്ദേശിക്കുന്നില്ല. സിറിയായിലെ സഭ മലങ്കരസഭയെ നിയന്ത്രിക്കുവാൻ ശ്രമിക്കുന്നതുതെററാണ്. സിറിയായിലെ സഭ ഇവിടെനിന്നും വിട്ടുമാറിയാൽ യഥാർത്ഥ ക്രൈസ്തവവിശ്വാസം ഇവിടെനശിച്ചുപോകുമെന്നുള്ള ഭയത്തിനു കാരണമുണ്ടായിരുന്നിടത്തോളം കാലം, അവർ എത്ര എതിർപ്പു സഹിച്ചും ഇവിടെനിന്നു് നമ്മെ നയിക്കേണ്ടുന്ന ആവശ്യമുണ്ടായിരുന്നു. ഇന്നു് അവർ ചെയ്യേണ്ടതു് വിശ്വാസത്തിന്റെ ചുമതല ഇവിടെയുള്ള 14 മെത്രാന്മാരെ ഏല്പിച്ചിട്ടു്, ഇവിടെനിന്നും മാറിത്തരികയാണ്.

രണ്ടാമതു്, ഭാരതത്തിൽ ഇന്നുൽഭൂതമായിട്ടുള്ള പുതിയ പരിതസ്ഥിതിയിൽ, വിദേശത്തുള്ള ഒരുസഭയുടെ ശാഖയായി മാത്രമിരിക്കുന്ന ക്രൈസ്തവസഭയ്ക്കു്, സഭയുടെ പ്രവർത്തനങ്ങളെ വിജയത്തോടുകൂടെ നിർവ്വഹിക്കുവാൻ സാദ്ധ്യമല്ല. സ്വതന്ത്രമായ ഒരു പദ്ധതിയുണ്ടാക്കി, വിശ്വാസത്തിൽ മാത്രം പരിഷ്കാരങ്ങളൊന്നും വരുത്താതെ ധൈര്യപൂർവ്വം മുമ്പോട്ടുപോകേണ്ട ചുമതലയാണ് നമുക്കുള്ളതു്. അതിനു നാം സംഘടിച്ചു്, സ്വതന്ത്രമായി, നല്ല

നേതൃത്വത്തിൻകീഴിൽ നിൽക്കേണ്ടിയിരിക്കുന്നു. സഭാസമാധാനം മൂലം സംഘടനയും സ്വാതന്ത്ര്യവും സംസിദ്ധമാകും. പക്ഷെ, നല്ല നേതൃത്വംകൂടി ഇല്ലെങ്കിൽ ഈ സമാധാനംകൊണ്ടു വലിയ പ്രയോജനമൊന്നുമുണ്ടാകയില്ല.

സമാധാനം സംരക്ഷിക്കണം

ദൈവകാരുണ്യത്താൽ സമാധാനം സംസിദ്ധമായാൽത്തന്നെ അതിനെ സംരക്ഷിക്കുവാൻ നമുക്കു കഴിയുമെന്നെന്താണുറപ്പു്? സഭയിൽ അസമാധാനവും കക്ഷിവഴക്കുമൊക്കെ വരുത്തിവച്ച കാരണങ്ങൾ ഇന്നും നമ്മുടെ ഇടയിൽനിന്നു് നീങ്ങിപ്പോയിട്ടില്ല.

വ്യക്തികളുടെയും, കുടുംബങ്ങളുടെയും, സമുദായത്തിന്റെയും മഹത്വത്തിന്റെ ഉപാധിയായി സഭയെ പരിഗണിക്കുന്ന തെററായ ചിന്താഗതി, നമ്മുടെ ഇടയിൽ ഇപ്പോഴും ധാരാളമുണ്ട്. സഭാമേലദ്ധ്യക്ഷന്മാർ പോലും സമുദായവും സഭയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുവാനുള്ള അശക്തി കാണിക്കുന്ന പ്രസംഗങ്ങൾ ധാരാളമായി പറയുന്നതു പലപ്പോഴും കേട്ടിട്ടുണ്ട്. നേതൃത്വത്തിനുള്ള മത്സരങ്ങളും അവരുടെ ഇടയിൽ ധാരാളം കണ്ടിട്ടുണ്ട്. ഇതൊക്കെയിരിക്കുമ്പോൾ സമാധാനം കരഗതമായാലും പുതിയ വഴക്കുകളുണ്ടാകയില്ലേ?

സമാധാനം സംരക്ഷിക്കുവാനും ഉപയോഗിക്കുവാനുമുള്ള കഴിവു നമുക്കില്ലെങ്കിൽ ദൈവം നമുക്കു സമാധാനം നൽകുമോ?

സഭയും സമുദായവും.

'മലങ്കരസഭ'യും, 'സുറിയാനി സമുദായ'വും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നുള്ള അബദ്ധധാരണയാണ് നമ്മിൽ പലർക്കുമുള്ളതു്. 'സമുദായ'ത്തിന്റെ വർദ്ധനയ്ക്കും പ്രതാപത്തിനും വേണ്ടിയാണ് നാം പള്ളി പണിയുന്നതും കാതോലിക്കാദിനപ്പിരിവു പിരിക്കുന്നതും, സ്കൂളും കോളജും കെട്ടിയുണ്ടാക്കുന്നതുമൊക്കെ.

എന്നാൽ, സഭയും സമുദായവും തമ്മിലുള്ള വ്യത്യാസം വളരെ സാരമായിട്ടുള്ളതാണ്. ഈ വ്യത്യാസം മനസ്സിലാക്കിയെങ്കിലേ നമ്മുടെ സഭാസമാധാനത്തിനുവേണ്ടി ദൈവാനുകൂല്യത്തോടുകൂടെ പ്രവർത്തിക്കുവാൻ നമുക്കു സാധിക്കൂ.

സമുദായമെന്നു പറയുന്നതു്, താൽപ്പര്യങ്ങളിൽ ആനുരൂപ്യമുള്ള കുറേ ആളുകൾ, മററുള്ളവർക്കെതിരായി തങ്ങളുടെ അവകാശങ്ങളെയും ആവശ്യങ്ങളെയും പിടിച്ചുപററുന്നതിനായി, വ്യക്തികൾ ഒററതിരിഞ്ഞു നിൽക്കുന്നതു് ബലഹീനതയാണെന്നുള്ള ബോദ്ധ്യത്തോടുകൂടിയുണ്ടാക്കുന്ന സംഘടനയാണ്. സഭയാകട്ടെ, യഹൂദനിൽനിന്നും, പുറജാതിക്കാരനിൽനിന്നും, ഒരുപോലെ വിളിക്കപ്പെട്ടു്, സ്വന്തംതാൽപ്പര്യങ്ങളെയും ആഗ്രഹങ്ങളെയും അവകാശങ്ങളെയും ബലികഴിച്ചു്, പുറജാതിക്കാരനെയും, യഹൂദനെയും സുറിയാനിക്കാരനെയും, ഇന്ത്യാക്കാരനെയും, നായരെയും, നസ്രാണിയെയും ഒരുപോലെ സ്നേഹിച്ചു്, അവരെ കർത്തൃസ്നേഹത്തിലേയ്ക്കു വഴിനടത്തുവാനും, കർത്തൃവിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരുവാനും; ബലഹീനനെ ശക്തിപ്പെടുത്താനും, ദരിദ്രനെ പോഷിപ്പിക്കുവാനും, നഗ്നനെ ഉടുപ്പിക്കുവാനും വേണ്ടി ദൈവംതമ്പുരാനാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മഹാസ്ഥാപനമാണ്.

സമുദായം അതിന്റെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്തില്ലെങ്കിൽ അതു നശിച്ചുപോകുമെന്നുള്ള ഭയത്തിലാണ് ജീവിക്കുന്നതു്. കോടതിയിൽ പോകുന്നതും വടിയും വാക്കത്തിയുമെടുത്തു് പടവെട്ടുന്നതുമൊക്കെ ഈ ഭയംകൊണ്ടാണ്.

സഭയ്ക്കാകട്ടെ, അങ്ങനെയുള്ള ഭയങ്ങളൊന്നുമില്ല. യഥാർത്ഥമായ വിശ്വാസവും ആരാധനയും സേവനസന്നദ്ധതയുമുള്ള സഭയ്ക്കു ലോകത്തിലുള്ള യാതൊരു ശക്തിയേയും ഭയമില്ല. ആരുമായും സമരം ചെയ്യേണ്ടുന്ന ആവശ്യമതിനില്ല. അതു സ്വന്ത മഹത്വത്തെ കാംക്ഷിക്കുന്നില്ല. സുവിശേഷപ്രഖ്യാപനത്തിലും ആരാധനയിലും സേവനത്തിലും കൂടെ ദൈവത്തിന്റെ മഹത്വത്തെ പ്രത്യക്ഷപ്പെടുത്തുകയാണ് അതിന്റെ കർത്തവ്യം.

* * *

ഇന്നു നമ്മുടെ സഭയിൽ സമാധാനത്തെക്കാൾ അത്യാവശ്യമായിട്ടുള്ളതു് താഴെപ്പറയുന്ന മൂന്നു കാര്യങ്ങളാണ്.

a) യഥാർത്ഥമായ ആരാധന

സഭയൊന്നാകെ കർത്തൃദിവസത്തിൽ ഒരുമിച്ചുകൂടി പരിശുദ്ധകർബ്ബാനയിൽകൂടെ ദൈവത്തിനു ബലിയായി തങ്ങളെത്തന്നെ അർപ്പിക്കുകയും കർത്താവായ യേശുമിശിഹാ തന്റെ ജീവനെ (തിരുശരീര രക്തങ്ങളെ) നമുക്കു നൽകുന്നതിനെ നാം സ്വീകരിച്ചു് തനിക്കുവേണ്ടി നാം വേല ചെയ്യുകയും ജീവിക്കുകയും ചെയ്യുക എന്നതാണ് സത്യാരാധന. റോമാലേഖനം 12: 1–2) അതോടുകൂടെത്തന്നെ കുടുംബപ്രാർത്ഥനയുംവ്യക്തികളുടെ ആരാധനാജീവിതവും വളരണം.

b) യഥാർത്ഥസേവനം. സേവനോന്മുഖങ്ങളായ സ്ഥാപനങ്ങൾ ഓരോ ഇടവകയിലും സഭയിലാകെയുമുണ്ടായി, പ്രയാസത്തിലിരിക്കുന്നവരെ സഹായിക്കുക എന്ന ക്രിസ്തീയ കൃത്യനിർവ്വഹണത്തിൽ നാം ജാഗരൂകരാകുക. കുരിശിൻതൊട്ടി പണിയുന്നതിനെക്കാൾ ഒരു ചെറിയ ആശുപത്രി പണിയുന്നതാണ് ക്രിസ്തീയ കർത്തവ്യം.

c) സുവിശേഷപ്രഖ്യാപനം.

യഥാർത്ഥ ആരാധനയും യഥാർത്ഥസേവനോന്മുഖതയും ഉള്ള ഒരു ഇടവകയ്ക്കു് ക്രിസ്തുവിനെപ്പററി പ്രഖ്യാപിക്കുവാൻ പ്രയാസം തോന്നുകയില്ല. തന്റെ അത്ഭുതാവഹമായ സ്നേഹത്തെ നമ്മുടെ ഇടവകയിൽത്തന്നെയുള്ള ആളുകളോടു പറയുവാൻ നമുക്കു സാധിക്കണമെങ്കിൽ, ആ സ്നേഹത്തെ നാം ആരാധിക്കുകയും പ്രവൃത്തിയിൽകൂടെ വ്യക്തമാക്കുകയും ചെയ്യണം.

ഓരോ ഇടവകയിലും ഈ മൂന്നു പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം കൊടുക്കാമെങ്കിൽ സമാധാനം താനെ കരഗതമായിക്കൊള്ളും. ക്രിസ്തുവിന്റെ ഇഷ്ടം പ്രവർത്തിക്കുവാൻ വിമുഖതയുള്ളിടത്താണ് അസമാധാനം കളിയാടുന്നതു്. തന്റെ ഹിതം പ്രവർത്തിക്കുന്ന സഭ തന്റെ ശരീരമായിത്തീരുന്നു. അസമാധാനപ്പിശാചിനു് അവിടെ സ്ഥാനമൊന്നുമില്ലല്ലോ.

ചർച്ച് വീക്കിലി

വരിസംഖ്യ

രൂ ന

ഒരു വർഷത്തേയ്ക്കു് 6

ആറു മാസത്തേയ്ക്കു് 8

ഒററപ്രതി 13

ഇൻഡ്യയ്ക്കു വെളിയിൽ

മാനേജർ, ചർച്ച് വീക്കിലി

ക്കുന്നതിന്ന് ഇഷ്ടപ്പെടുന്ന അടയ്ക്കാകിളികൾ അവയുടെ ചെറുകൂട്ടുകളിൽ ഇരുന്നുകൊള്ളട്ടെ.

—o—

സഭയും സമാധാനവും

സമാധാനത്തെപ്പററി ചില ചിന്തകൾ

യഥാർത്ഥമായ ആരാധന, സേവനം, സുവിശേഷ പ്രഖ്യാപനം എന്നീ മൂന്നുകാര്യങ്ങളാണ് സമാധാനത്തെക്കാൾ അത്യാവശ്യം.

(പോൾവറുഗീസ് ബി. ഏ., ബി. ഡി.)

അന്ത്യോഖ്യാ പാത്രിയക്കീസ് ബാവാ തിരുമേനി അന്തരിച്ചു. വിശാലഹൃദയനായ ഒരു തിരുമേനി പാത്രിയക്കീസ് ഭാഗത്തെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഈ രണ്ടു സംഭവങ്ങളുടെ പശ്ചാത്തലത്തിൽ, സഭാസമാധാനത്തെപ്പററിയുള്ള പുതിയ പ്രത്യാശകൾ ചില യുവഹൃദയങ്ങളിലെങ്കിലും അങ്കുരിക്കുന്നെങ്കിൽ അതു തികച്ചും സ്വാഭാവികമാണല്ലൊ.

നാമൊരു പുതിയ സമാധാനോദ്യമത്തിനു തയ്യാറാകേണ്ടുന്ന കാലമാണോ ഇതു്? പലരും എനിക്കിങ്ങനെഎഴുതിഅയയ്ക്കുന്നുണ്ടു്. ഇത്തരുണത്തിൽ നാം ചിന്തിക്കേണ്ടുന്ന ഒന്നുരണ്ടു കാര്യങ്ങളെ വിനീതമായി, പ്രാർത്ഥനാപൂർവ്വം ചൂണ്ടിക്കാണിക്കുവാനാഗ്രഹിക്കുന്നു.

സമാധാനമെന്തിനു്?

നാം ഏതെങ്കിലുമൊരു കാര്യത്തിനായി ആഗ്രഹിക്കുമ്പോൾ, ആ കാര്യത്തിനു സ്വതസ്സിദ്ധമായിട്ടുള്ള ഗുണത്തിനു പുറമെ നമ്മുടെ ആഗ്രഹത്തിന്റെ ഉദ്ദേശശുദ്ധികൂടെ കണക്കാക്കിയാലേ അതു നല്ലതാണൊ ചീത്തയാണൊ എന്നു തീരുമാനിക്കുവാൻ സാധിക്കുകയുള്ളു.

സമാധാനത്തിന്റെ എതിരാളികളുടെ ഉദ്ദേശശുദ്ധിയെ നാം പലപ്പോഴും ചോദ്യംചെയ്യാറുണ്ടു്. സ്ഥാനമോഹം, വസ്തുക്കൾ നഷ്ടപ്പെട്ടുപോകുമെന്നുള്ള ഭയം, ഇങ്ങനെയുള്ള ദുരുദ്ദേശങ്ങളാണു് നാം അവരിൽ ആരോപിക്കുന്നതു്... അതേസമയത്തു് സമാധാനകാംക്ഷികളായ നമ്മുടെ ഉദ്ദേശങ്ങൾ കറയററവയാണോ? ...സാധാരണ പ്രസംഗങ്ങളിലെല്ലാം കേൾക്കുന്ന ഒരു കാര്യമാണു്, സമാധാനമുണ്ടായില്ലെങ്കിൽ നമ്മുടെആളുകളെല്ലാം റീത്തിൽ പോകുമെന്നുള്ളതു്. റീത്തിൽ പോകുന്നതിൽനമുക്കുള്ള വിരോധമെന്താണു്? നമ്മുടെ വിഭാഗത്തിന്റെ സംഖ്യാബലം നഷ്ടപ്പെട്ടുപോകുമെന്നുള്ള ഭയം. അങ്ങനെ നമുക്കിപ്പോഴുള്ള സ്വാധീനശക്തി നഷ്ടപ്പെട്ടുപോകുമെന്നുള്ള ആശങ്ക. നമ്മുടെ സ്വന്ത മഹത്വത്തിനു ഹാനി ഭവിക്കുമെന്നുള്ള പേടി.

ഇതൊക്കെ പരിശുദ്ധങ്ങളായകാര്യങ്ങളാണോ? എനിക്കു വളരെ സംശയമുണ്ടു്. നമ്മുടെ സംഖ്യാബലത്തേയും സ്വാധീനശക്തിയേയും മഹത്വത്തേയും സംരക്ഷിക്കുന്നതിനുള്ള ഒരുപകരണമായി നാം സഭയെ ഉപയോഗിക്കുന്നപക്ഷം സഭയ്ക്കു ജീവിക്കുവാനുള്ള അർഹതയില്ലാതായിത്തീരുകയാണു് ചെയ്യുന്നതു്. ദൈവത്തെ നമ്മുടെ സ്വന്ത മഹത്വത്തിനു ഉപയോഗിക്കുകയെന്ന മഹാപാപത്തിൽ നാം വീഴുകയാണു ചെയ്യുന്നതു്.

സമാധാനവും അഭിമാനവും

മററു ചിലരുടെ മനസ്സിൽ കിടക്കുന്ന പ്രധാന ഉദ്ദേശം "നാമെന്തിനു് ഈ ശീമക്കാരുടെ അടിമകളായിക്കിടക്കുന്നു? നമ്മുടെ കാര്യംനോക്കാൻ നമുക്കറിഞ്ഞുകൂടെ?"എന്നുള്ള ചിന്തയാണു്.

വളരെ ശരിയാണു്. ഭാരതീയ ക്രിസ്ത്യാനികൾക്കു നേതൃത്വം നൽകുവാനുള്ളകഴിവു സിറിയായിലെ സഭയ്ക്കില്ലെന്നു സിറിയായിലും പലസ്തീനിലും കുറെ ആഴ്ചകൾ കഴിച്ചുകൂട്ടിയതുകൊണ്ടു് എനിക്കു വളരെ ബോദ്ധ്യമായിട്ടുണ്ടു്.

പക്ഷെ, രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ മാതൃകയിൽ സഭാസ്വാതന്ത്ര്യത്തെപ്പററി നാം ചിന്തിക്കുന്നതു് അബദ്ധമാണു്. ഇംഗ്ലീഷ്കാർ നമ്മെ ചൂഷണം ചെയ്തുകൊണ്ടിരുന്നു. നമുക്കു് നമ്മുടെ സ്വന്തം ജീവിതം കെട്ടിപ്പടുക്കുന്നതിനു് അവർ പ്രതിബന്ധമായിരുന്നു. അതുകൊണ്ടു സ്വാതന്ത്ര്യം ഭാരതത്തിനാവശ്യമായിവന്നു.

സഭാസ്വാതന്ത്ര്യം അതുപോലെ അല്ല. സിറിയായിലെ സഭാംഗങ്ങൾ നമ്മുടെ സഹോദരങ്ങളാണു്. അവിടത്തെ പാത്രിയക്കീസുബാവായും മെത്രാന്മാരും മലങ്കരയിലെ പ്രതിനിധിയും ഒക്കെ നാമുൾപ്പെട്ടു നിൽക്കുന്ന സഭയിലെ ആത്മീയപിതാക്കന്മാരാണു്. അല്ലാതെ നമ്മെ ചൂഷണം ചെയ്യുന്ന ഒരു എതിർശക്തിയൊന്നുമല്ല. അവരുടെ നിയന്ത്രണത്തിൽനിന്നും നാം സ്വാതന്ത്ര്യം കാംക്ഷിക്കുന്നതു നമ്മുടെ അഭിമാനത്തിനു വേണ്ടിയൊന്നുമല്ല. പ്രത്യേകമായും രണ്ടു കാരണങ്ങളെക്കൊണ്ടാണു്.

ഒന്നാമതു്, ഭാരത ക്രൈസ്തവസഭയുടെ ഒരു വിപൽഘട്ടത്തിൽ സിറിയായിലെ സഭ നമ്മെ വളരെ സഹായിച്ചുവെങ്കിലും, ഇന്നു നമ്മുടെ പ്രശ്നങ്ങളെയും പ്രയാസങ്ങളെയും മനസ്സിലാക്കി ശരിയായ നേതൃത്വം നൽകുവാനുള്ള കഴിവൊ അവകാശമൊ അവർക്കില്ലെന്നുള്ളതാണു്. ഒരു രാജ്യത്തെ സഭ മറെറാരു രാജ്യത്തെ സഭയെ സഹായിക്കണമെന്നല്ലാതെ ഭരിക്കണമെന്നു നമ്മുടെ കർത്താവു് ഉദ്ദേശിക്കുന്നില്ല. സിറിയായിലെ സഭ മലങ്കരസഭയെ നിയന്ത്രിക്കുവാൻ ശ്രമിക്കുന്നതുതെററാണു്. സിറിയായിലെ സഭ ഇവിടെനിന്നും വിട്ടുമാറിയാൽ യഥാർത്ഥ ക്രൈസ്തവവിശ്വാസം ഇവിടെ നശിച്ചുപോകുമെന്നുള്ള ഭയത്തിനു കാരണമുണ്ടായിരുന്നിടത്തോളം കാലം, അവർ എത്ര എതിർപ്പു സഹിച്ചും ഇവിടെനിന്നു് നമ്മെ നയിക്കേണ്ടുന്ന ആവശ്യമുണ്ടായിരുന്നു. ഇന്നു് അവർ ചെയ്യേണ്ടതു് വിശ്വാസത്തിന്റെ ചുമതല ഇവിടെയുള്ള 14 മെത്രാന്മാരെ ഏല്പിച്ചിട്ടു്, ഇവിടെനിന്നും മാറിത്തരികയാണു്.

രണ്ടാമതു്, ഭാരതത്തിൽ ഇന്നൽഭുതമായിട്ടുള്ള പുതിയ പരിതസ്ഥിതിയിൽ, വിദേശത്തുള്ള ഒരുസഭയുടെ ശാഖയായി മാത്രമിരിക്കുന്ന ക്രൈസ്തവസഭയ്ക്കു്, സഭയുടെ പ്രവർത്തനങ്ങളെ വിജയത്തോടുകൂടെ നിർവ്വഹിക്കുവാൻ സാദ്ധ്യമല്ല. സ്വതന്ത്രമായ ഒരു പദ്ധതിയുണ്ടാക്കി, വിശ്വാസത്തിൽ മാത്രം പരിഷ്കാരങ്ങളൊന്നും വരുത്താതെ ധൈര്യപൂർവ്വം മുമ്പോട്ടു പോകേണ്ട ചുമതലയാണു് നമുക്കുള്ളതു്. അതിനു നാം സംഘടിച്ചു്, സ്വതന്ത്രമായി, നല്ല നേതൃത്വത്തിൻകീഴിൽ നിൽക്കേണ്ടിയിരിക്കുന്നു. സഭാസമാധാനം മൂലം സംഘടനയും സ്വാതന്ത്ര്യവും സംസിദ്ധമാകും. പക്ഷെ, നല്ല നേതൃത്വംകൂടി ഇല്ലെങ്കിൽ ഈ സമാധാനംകൊണ്ടു വലിയ പ്രയോജനമൊന്നുമുണ്ടാകയില്ല.

സമാധാനം സംരക്ഷിക്കണം

ദൈവകാരുണ്യത്താൽ സമാധാനം സംസിദ്ധമായാൽത്തന്നെ അതിനെ സംരക്ഷിക്കുവാൻ നമുക്കു കഴിയുമെന്നെന്താണുറപ്പു്? സഭയിൽ അസമാധാനവും കക്ഷിവഴക്കുമൊക്കെ വരുത്തിവച്ച കാരണങ്ങൾ ഇന്നും നമ്മുടെ ഇടയിൽനിന്നു് നീങ്ങിപ്പോയിട്ടില്ല.

വ്യക്തികളുടെയും, കുടുംബങ്ങളുടെയും, സമുദായത്തിന്റെയും മഹത്വത്തിന്റെ ഉപാധിയായി സഭയെ പരിഗണിക്കുന്ന തെററായ ചിന്താഗതി, നമ്മുടെ ഇടയിൽ ഇപ്പോഴും ധാരാളമുണ്ടു്. സഭാമേലദ്ധ്യക്ഷന്മാർ പോലും സമുദായവും സഭയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുവാനുള്ള അശക്തി കാണിക്കുന്ന പ്രസംഗങ്ങൾ ധാരാളമായി പറയുന്നതു പലപ്പോഴും കേട്ടിട്ടുണ്ടു്. നേതൃത്വത്തിനുള്ള മത്സരങ്ങളും അവരുടെ ഇടയിൽ ധാരാളം കണ്ടിട്ടുണ്ടു്. ഇതൊക്കെയിരിക്കുമ്പോൾ സമാധാനം കരഗതമായാലും പുതിയ വഴക്കുകളുണ്ടാകയില്ലേ?

സമാധാനം സംരക്ഷിക്കുവാനും ഉപയോഗിക്കുവാനുമുള്ള കഴിവു നമുക്കില്ലെങ്കിൽ ദൈവം നമുക്കു സമാധാനം നൽകുമോ?

സഭയും സമുദായവും.

'മലങ്കരസഭ'യും, 'സുറിയാനി സമുദായ'വും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നുള്ള അബദ്ധധാരണയാണു് നമ്മിൽ പലർക്കുമുള്ളതു്. 'സമുദായ'ത്തിന്റെ വർദ്ധനയ്ക്കും പ്രതാപത്തിനും വേണ്ടിയാണു് നാം പള്ളി പണിയുന്നതും കാതോലിക്കാദിനപ്പിരിവു പിരിക്കുന്നതും, സ്കൂളും കോളജും കെട്ടിയുണ്ടാക്കുന്നതുമൊക്കെ.

എന്നാൽ, സഭയും സമുദായവും തമ്മിലുള്ള വ്യത്യാസം വളരെ സാരമായിട്ടുള്ളതാണു്. ഈ വ്യത്യാസം മനസ്സിലാക്കിയെങ്കിലേ നമ്മുടെ സഭാസമാധാനത്തിനുവേണ്ടി ദൈവാനുകൂല്യത്തോടുകൂടെ പ്രവർത്തിക്കുവാൻ നമുക്കു സാധിക്കു.

സമുദായമെന്നു പറയുന്നതു്, താൽപ്പര്യങ്ങളിൽ ആനുരൂപ്യമുള്ള കുറേ ആളുകൾ, മററുള്ളവർക്കെതിരായി തങ്ങളുടെ അവകാശങ്ങളെയും ആവശ്യങ്ങളെയും പിടിച്ചു പററുന്നതിനായി, വ്യക്തികൾ ഒററതിരിഞ്ഞു നിൽക്കുന്നതു് ബലഹീനതയാണെന്നുള്ള ബോദ്ധ്യത്തോടുകൂടിയുണ്ടാക്കുന്ന സംഘടനയാണു്. സഭയാകട്ടെ, യഹൂദനിൽനിന്നും, പുറജാതിക്കാരനിൽനിന്നും, ഒരുപോലെ വിളിക്കപ്പെട്ടു്, സ്വന്തംതാൽപ്പര്യങ്ങളെയും ആഗ്രഹങ്ങളെയും അവകാശങ്ങളെയും ബലികഴിച്ചു്, പുറജാതിക്കാരനെയും, യഹൂദനെയും സുറിയാനിക്കാരനെയും, ഇന്ത്യാക്കാരനെയും, നായരെയും, നമ്പ്രാണിയെയും ഒരുപോലെ സ്നേഹിച്ചു്, അവരെ കർത്തൃസ്നേഹത്തിലേയ്ക്കു വഴി നടത്തുവാനും, കർത്തൃവിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരുവാനും;ബലഹീനനെ ശക്തിപ്പെടുത്താനും, ദരിദ്രനെ പോഷിപ്പിക്കുവാനും,നഗ്നനെ ഉടുപ്പിക്കുവാനും വേണ്ടി ദൈവംതമ്പുരാനാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മഹാസ്ഥാപനമാണു്.

സമുദായം അതിന്റെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യില്ലെങ്കിൽ അതു നശിച്ചുപോകുമെന്നുള്ള ഭയത്തിലാണു് ജീവിക്കുന്നതു്. കോടതിയിൽ പോകുന്നതും വടിയും വാക്കത്തിയുമെടുത്തു് പടവെട്ടുന്നതുമൊക്കെ ഈ ഭയംകൊണ്ടാണു്.

സഭയ്ക്കാകട്ടെ, അങ്ങനെയുള്ള ഭയങ്ങളൊന്നുമില്ല. യഥാർത്ഥമായ വിശ്വാസവും ആരാധനയും സേവനസന്നദ്ധതയുമുള്ള സഭയ്ക്കു ലോകത്തിലുള്ള യാതൊരു ശക്തിയേയും ഭയമില്ല. ആരുമായും സമരം ചെയ്യേണ്ടുന്ന ആവശ്യമതിനില്ല. അതു സ്വന്ത മഹത്വത്തെ കാംക്ഷിക്കുന്നില്ല. സുവിശേഷപ്രഖ്യാപനത്തിലും ആരാധനയിലും സേവനത്തിലും കൂടെ ദൈവത്തിന്റെ മഹത്വത്തെ പ്രത്യക്ഷപ്പെടുത്തുകയാണു് അതിന്റെ കർത്തവ്യം.

* * *

ഇന്നു നമ്മുടെ സഭയിൽ സമാധാനത്തെക്കാൾ അത്യാവശ്യമായിട്ടുള്ളതു് താഴെപ്പറയുന്ന മൂന്നു കാര്യങ്ങളാണു്.

a) <u>യഥാർത്ഥമായ ആരാധന</u>

സഭയൊന്നാകെ കർതൃദിവസത്തിൽ ഒരുമിച്ചുകൂടി പരിശുദ്ധകുർബ്ബാനയിൽകൂടെ ദൈവത്തിനു ബലിയായി തങ്ങളെത്തന്നെ അർപ്പിക്കുകയും കർത്താവായ യേശുമിശിഹാ തന്റെ ജീവനെ (തിരുശരീര രക്തങ്ങളെ) നമുക്കു നൽകുന്നതിനെ നാം സ്വീകരിച്ചു് തനിക്കുവേണ്ടി നാം വേല ചെയ്യുകയും ജീവിക്കുകയും ചെയ്യുക എന്നതാണു് സത്യാരാധന. റോമാലേഖനം 12: 1–2) അതോടുകൂടെത്തന്നെ കുടുംബപ്രാർത്ഥനയുംവ്യക്തികളുടെ ആരാധനാജീവിതവും വളന്നുവരണം.

b) <u>യഥാർത്ഥസേവനം.</u> സേവനോന്മുഖങ്ങളായ സ്ഥാപനങ്ങൾ ഓരോ ഇടവകയിലും സഭയിലാകെയുമുണ്ടായി, പ്രയാസത്തിലിരിക്കുന്നവരെ സഹായിക്കുക എന്ന ക്രിസ്തീയ കൃത്യനിർവ്വഹണത്തിൽ നാം ജാഗ്രതരാകുക. കുരിശിൻതൊട്ടി പണിയുന്നതിനെക്കാൾ ഒരു ചെറിയ ആശുപത്രി പണിയുന്നതാണു് ക്രിസ്തീയ കർത്തവ്യം.

c) <u>സുവിശേഷപ്രഖ്യാപനം.</u>

യഥാർത്ഥ ആരാധനയും യഥാർത്ഥസേവനോന്മുഖതയും ഉള്ള ഒരു ഇടവകയ്ക്കു് ക്രിസ്തുവിനെപ്പററി പ്രഖ്യാപിക്കുവാൻ പ്രയാസം തോന്നുകയില്ല. തന്റെ അത്ഭുതാവഹമായ സ്നേഹത്തെ നമ്മുടെ ഇടവകയിൽത്തന്നെയുള്ള ആളുകളോടു പറയുവാൻ നമുക്കു സാധിക്കണമെങ്കിൽ,ആ സ്നേഹത്തെ നാം ആരാധിക്കുകയും പ്രവൃത്തിയിൽക്കൂടെ വ്യക്തമാക്കുകയും ചെയ്യണം.

ഓരോ ഇടവകയിലും ഈ മൂന്നു പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം കൊടുക്കാമെങ്കിൽ സമാധാനം താനെ കരഗതമായിക്കൊള്ളും. ക്രിസ്തുവിന്റെ ഇഷ്ടം പ്രവർത്തിക്കുവാൻ വിമുഖതയുള്ളിടത്താണു് അസമാധാനം കളിയാടുന്നതു്. തന്റെ ഹിതം പ്രവർത്തിക്കുന്ന സഭ തന്റെ ശരീരമായിത്തീരുന്നു. അസമാധാനപ്പിശാചിനു് അവിടെ സ്ഥാനമൊന്നുമില്ലല്ലോ.

—o—

കുന്നതിനു് ഇഷ്ടപ്പെടുന്ന അടയ്ക്കാകിളികൾ അവയുടെ ചെറുകൂടുകളിൽ ഇരുന്നുകൊള്ളട്ടെ.

ചർച്ച്‌വീക്കിലി

വരിസംഖ്യ

ക ന...

ഒരു വർഷത്തേയ്ക്കു് 6

ആറു മാസത്തേയ്ക്കു് 3 ... 13

ഒററപ്രതി

ഇൻഡ്യയ്ക്കു

വെളിയി...

മാനേജർ.

ചർച്ചവീക്കിലി

കോട്ടയം

<u>പ്രതിവാരപ്രഭാഷണം</u> (The Sermon for the week)

ദൈവസാന്നിദ്ധ്യപരിശീലനം

(എം. തൊമ്മൻ ബി. എ.)

"പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു." (യോഹ. 11: 41, 42)

നിരന്തര പ്രാത്ഥനയുടെ അന്തരീക്ഷത്തിലായിരുന്നു നമ്മുടെ കത്താവു ജീവിച്ചതു്. അതിനുള്ള തെളിവു വേദപുസ്തകത്തിൽ ധാരാളം കാണാം. യേശുവിന്റെ പരസ്യശുശ്രൂഷയുടെ കാലം വളരെ സംഭവബഹുലമായ ഒരു കാലംതന്നെ ആയിരുന്നു. തിക്കും തിരക്കും നിറഞ്ഞതായിരുന്നു അതിലെ ഓരോ ദിവസവും. മർക്കോസിന്റെ സുവിശേഷത്തിലെ ആദ്യത്തെ അദ്ധ്യായങ്ങൾ വായിച്ചുനോക്കിയാൽ യേശുവിന്റെ ജീവിതത്തിലെ സാധാരണ ദിവസങ്ങൾ എങ്ങനെയുള്ളവ ആയിരുന്നു എന്നു മനസ്സിലാക്കാം. രോഗശാന്തിക്കും മനസ്സമാധാനത്തിനും വേണ്ടി എത്രയെത്ര ആളുകൾ, ഏതെല്ലാം തരത്തിലുള്ളവർ രാപകലില്ലാതെ യേശുവിനെ സമീപിച്ചുകൊണ്ടിരുന്നു. അവരെ ആരെയും താൻ ഗൗനിക്കാതെ തിരിച്ചയച്ചില്ല. ശരീരത്തിലോ മനസ്സിലോ രോഗം ബാധിച്ചവരെ സുഖപ്പെടുത്തിയതു് തന്നിൽനിന്നു ശക്തി പുറപ്പെട്ടുപോയതിന്റെ ഫലമായിട്ടാണു്. മനുഷ്യന്റെ പാപത്തിന്റേയും ദുഃഖത്തിന്റേയും അടിത്തട്ടിലേക്കിറങ്ങിച്ചെന്ന യേശു ശാരീരികമായും മാനസികമായും വളരെ ഭാരപ്പെട്ടു എന്നുള്ളതിനു സംശയമില്ല. പൂൎണ്ണമനുഷ്യനായിരുന്ന താൻ നമ്മെപോലെ ക്ഷീണത്തിനും തളർച്ചയ്ക്കും വിധേയനായിരുന്നു; നമ്മേപൊലെ ത[illegible] വിശ്രമവും ഉറക്കവുമെല്ലാം തനിക്കും ആവശ്യമായിരുന്നു. 'അർദ്ധരാത്രിവരെയോ അതിലധികമായോ അദ്ധ്വാനിച്ചശേഷം "അതികാലത്തു്, ഇരുട്ടോടെ അവൻ എഴുന്നേററു പുറപ്പെട്ടു് ഒരു നിർജ്ജനസ്ഥലത്തു് ചെ[illegible] പ്രാർത്ഥിച്ചു" എന്നു നാം വായിക്ക[illegible] ജോലിത്തിരക്കു് കൂടിയപ്പോൾ പ്രാ[illegible]യുടെ ആവശ്യം കത്താവിനു [illegible]തലായി അനുഭവപ്പെട്ടു. പ്രാ[illegible]ന അത്യന്താപേക്ഷിതമായിരുന്നതുകൊണ്ടു് അതിനു് തക്കതായ സമയവും സ്ഥലവും കത്താവു് കണ്ടുപിടിച്ചു. മററെല്ലാവരും ഉറങ്ങിക്കിടന്ന സമയത്തു് യേശു ഉണർന്നു പ്രാത്ഥിക്കുവാൻ പോയി.

ഇങ്ങനെ ചില ക്ലിപ്തസമയങ്ങളിൽ പ്രാത്ഥിക്ക മാത്രമല്ല താൻ ചെയ്തതു്. നിരന്തരമായ ദൈവസാന്നിദ്ധ്യപരിശീലനത്തിനുള്ള ഉത്തമ ദൃഷ്ടാന്തമായിരുന്നു യേശുവിന്റെ ജീവിതം. പിതാവു് എപ്പോഴും തന്നോടുകൂടെ ഉണ്ടായിരുന്നു എന്നുള്ളബോധം തന്നെ ഭരിച്ചിരുന്നു. താൻ എന്തു ചെയ്താലും അതു് പിതാവിനെ പ്രസാദിപ്പിക്കുവാനും മഹത്വപ്പെടുത്തുവാനുമായിട്ടായിരുന്നു ചെയ്തിരുന്നതു്. താൻ എല്ലാ കാര്യങ്ങളും പ്രാത്ഥനയോടുകൂടി ചെയ്തിരുന്നു; എല്ലാ കാര്യങ്ങളേക്കുറിച്ചും പ്രാത്ഥനാപൂർവ്വം ചിന്തിച്ചിരുന്നു. ലാസറിനെ ഉയർപ്പിക്കുന്നതിനു മുമ്പായി കത്താവു് ഉച്ചരിച്ച വാക്കുകൾ ശ്രദ്ധിക്കുക. "പിതാവേ നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു........എങ്കിലും നീ എന്നെ അയച്ചു എന്നു ചുററും നിൽക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിനു് അവരുടെ നിമിത്തം ഞാൻ പറയുന്നു." ലാസറിനെ ഉയർപ്പിക്കുന്ന കാര്യത്തേക്കുറിച്ചു് കത്താവു് നേരത്തെതന്നെ പ്രാർത്ഥിച്ചു എന്നും തന്റെ പ്രാത്ഥനയ്ക്കു് ഉത്തരം ലഭിച്ചുകഴിഞ്ഞിരുന്നു എന്നും വ്യക്തമാണു്. ലാസറിനു് സുഖക്കേടാണെന്നുള്ള വാർത്ത ലഭിച്ച സമയം മുതൽ കത്താവു് അവനുവേണ്ടി പ്രാത്ഥിക്കുന്നുണ്ടായിരുന്നു എന്നു വിചാരിക്കാം.

പ്രാത്ഥനക്കായി നീക്കിവെച്ചിരിക്കുന്ന സമയങ്ങളിൽ ഏകാഗ്രതയോടെ പ്രാർത്ഥിക്കേണ്ടതു് ആവശ്യം തന്നെ. എന്നാൽ അതു മാത്രം പോരാ. മററു സമയങ്ങളിലും പ്രാത്ഥനയുടെ ആത്മാവും അന്തരീക്ഷവും പാലിക്കുവാൻ നാം ശ്രമിക്കണം. എന്നാൽ മാത്രമേ നമ്മുടെ പ്രാത്ഥനാജീവിതം ശക്തി പ്രാപിക്കയുള്ളു. നിരന്തരമായ ദൈവസാന്നിദ്ധ്യബോധമാണു് പ്രധാനമായിട്ടുള്ളതു്.

ആത്മാവായ ദൈവം അദൃശ്യനെങ്കിലും എപ്പോഴും നമ്മോടുകൂടെ ഉണ്ടു്. എന്നാൽ ആ സാന്നിദ്ധ്യം നമുക്കു പ്രയോജനകരമായി ഭവിക്കുന്നതു് നാം അതിനെ അറിയുകയും അനുഭവപ്പെടുത്തുകയുംചെയ്യുന്നതനുസരിച്ചായിരിക്കും.

പ്രാത്ഥിക്കുവാൻ സമയമില്ല എന്നുള്ള പരാതി ഇക്കാലത്തു സർവ്വസാധാരണമാണു്. എന്നാൽ സമയത്തിന്റെ കൂടുതലോ കുറവോ അല്ല പ്രാത്ഥനയുടെ പ്രധാന വ്യവസ്ഥ പ്രത്യുത ദൈവത്തിന്റെ യാഥാർത്ഥ്യത്തേക്കുറിച്ചുള്ള ബോധമാണു്. ദൈവം നമ്മുടെ ജീവിതത്തിൽ യഥാത്ഥമല്ലാത്തതുകൊണ്ടാണു് നമുക്കു പ്രാർത്ഥിക്കുവാൻ കഴിയാത്തതു്. യേശുവിനു പിതാവായ ദൈവത്തെക്കാൾ യഥാർത്ഥമായിട്ടു് മറെറാന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടു് താൻ സദാ ദൈവസംസർഗ്ഗത്തിൽ ജീവിച്ചു. ചിത്തവൃത്തിയുടെ മാററങ്ങൾ (change of mood) യേശുവിന്റെ പ്രാർത്ഥനയെ ബാധിച്ചില്ല? കാരണം, തന്റെ വികാരങ്ങളെ ആശ്രയിച്ചല്ല ദൈവം സ്ഥിതിചെയ്തിരുന്നതു്. നമുക്കും ദൈവത്തിൽ അടിയുറച്ച വിശ്വാസമുണ്ടായാൽ വികാരങ്ങൾ ഏതു നിലയിലായാലും അവ നമ്മുടെ പ്രാർത്ഥനയെ തടസ്സപ്പെടുത്തുകയില്ല. വികാരങ്ങളല്ല, വിശ്വാസമാണു് പ്രാർത്ഥനയുടെ അടിസ്ഥാനം.

നമ്മുടെ പ്രാർത്ഥനയെ തടസ്സപ്പെടുത്തുന്ന മറെറാരു കാര്യം നമ്മുടെ അക്ഷമയാണു്. ഒന്നാമത്തെ മുട്ടിനു വാതിൽ തുറന്നു കിട്ടണമെന്നാണു് നമ്മുടെ ആഗ്രഹം. അങ്ങനെ വാതിൽ തുറക്കാത്തപക്ഷം നാം പ്രാർത്ഥന ഉപേക്ഷിച്ചു പോകുന്നു. എബ്രായലേഖനം 5: 7 നോക്കുക. "ക്രിസ്തു തന്റെ ഐഹികജീവകാലത്തു് തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവനോടു് ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തിനിമിത്തം ഉത്തരം ലഭിക്കയും ചെയ്തു." നമ്മുടെ കത്താവിനു് പ്രാർത്ഥന മനസ്സും ഹൃദയവും ആത്മാവും ഏകോപിച്ചുള്ള ഗൗരവതരമായ ഒരു വ്യാപാരമായിരുന്നു എന്നുള്ളതിനു സംശയമില്ല. ഉ[illegible] ലഭിക്കുന്നതുവരെ മുട്ടിപ്പായി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യത്തേക്കുറിച്ചു് കത്താവു് ശക്തിയായി ഉൽബോധിപ്പിച്ചിട്ടുമുണ്ടു്. ദൈവസാന്നിദ്ധ്യബോധമുണ്ടെങ്കിൽ മുട്ടിപ്പായി പ്രാർത്ഥിക്കുവാൻ കഴിയും; അല്ലാത്തപക്ഷം തുടർന്നുള്ള പ്രാർത്ഥന അസാദ്ധ്യമായിരിക്കും.

എന്നാൽ നമുടെ പ്രാർത്ഥനയെ ഏററവും അധികമായി തടസ്സപ്പെടുത്തുന്നതു് പാപമാണു്. "ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നെങ്കിൽ കത്താവു് കേൾക്കയില്ലായിരുന്നു" എന്നു സങ്കീത്തനക്കാരൻ പറയുന്നു (സങ്കീ. 66: 18) "ഒന്നുകിൽ പാപം പ്രാർത്ഥനയെ ഹനിക്കും; അല്ലെങ്കിൽ പ്രാർത്ഥന പാപത്തെ ഹനിക്കും" എന്നു ഒരു മഹാൻ പറഞ്ഞതു് വാസ്തവമാണു്. ദൈവസാന്നിദ്ധ്യത്തിനു് യോജിക്കാത്ത കാര്യങ്ങളെ നമ്മുടെ ജീവിതത്തിൽവച്ചു് പുലത്തിയാൽ പിന്നെ നമുക്കു് യഥാർത്ഥ പ്രാർത്ഥന സാദ്ധ്യമാകയില്ല. ഇതിൽനിന്നെല്ലാം വ്യക്തമാകുന്ന പ്രധാന വസ്തുത ദൈവസാന്നിദ്ധ്യ പരിശീലനത്തിന്റെ ആവശ്യകതയാണു്. ദൈവം എപ്പോഴും നമ്മുടെ മദ്ധ്യേ, നമ്മുടെ ഹൃദയത്തിൽ, സന്നിഹിതനാണു്. തന്റെ സാന്നിദ്ധ്യം അനുഭവപ്പെടുത്തി താനുമായി നിരന്തര സംസർഗ്ഗത്തിൽ നാം ജീവിക്കണമെന്നു ദൈവം നമ്മെ ഓരോരുത്തരെക്കുറിച്ചും ആഗ്രഹിക്കുന്നു. അതിനു് തന്റെ എല്ലാവിധമായ തുണയും താൻ നമുക്കു് വാഗ്ദാനം ചെയ്തിട്ടുമുണ്ടു്. നമ്മുടെ ഭാഗത്തു് അതിനായുള്ള വാഞ്ഛയും പരിശ്രമവും ഉണ്ടോ എന്നുള്ളതു മാത്രമാണു് പ്രശ്നം.

<u>വേദവായനക്കുറിപ്പുകൾ</u>

യാക്കോബ് എഴുതിയ ലേഖനം

ലേഖകൻ നമ്മുടെ കത്താവിന്റെ സഹോദരനായ യാക്കോബു തന്നെ ആയിരിക്കണം. ആദിമ ക്രൈസ്തവസഭയിലെ ഒരു പ്രമുഖനേതാവായി അപ്പോസ്തല പ്രവൃത്തികളിൽ അദ്ദേഹത്തെ കാണാം. അവിടെ വിവരിച്ചിട്ടുള്ള സ്വഭാവത്തിനും സ്ഥിതിഗതികൾക്കും അനുരൂപമാണു് ഈ ലേഖനം. യഹൂദനിയമത്തിൻ കീഴിൽ വളർന്നുവന്ന ഒരു യഹൂദനെന്ന നിലയിൽ യഹൂദന്മാക്കായിട്ടാണു് യാക്കോബു് ഈ ലേഖനം എഴുതിയതു്. ക്രിസ്തുമതം യഹൂദമതത്തിൽനിന്നും മുഴുവനായി വേർപെടുന്നതിനു മുമ്പാണു് യാക്കോബു് എഴുതിയതെന്നനുമാനിക്കാൻ ന്യായമുണ്ടു്. എങ്കിലും യാക്കോബിന്റെ സന്ദേശം ക്രിസ്തീയമാണു്; അതു് യഹൂദക്രിസ്ത്യാനികൾക്കു മാത്രമല്ല എല്ലാ ക്രിസ്ത്യാനികൾക്കും പ്രസക്തിയുള്ളതാണു്. ക്രിസ്തീയ ജീവിതത്തിനു സഹായകമായ പല പ്രായോഗിക നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ള ഈ ലേഖനത്തെ ആസ്പദമാക്കി ആയിരിക്കും അടുത്ത രണ്ടാഴ്ചകളിലെ വേദവായന.

തിങ്കൾ. യാക്കോബു് 1:1—12.

പൂർണ്ണതപ്രാപിക്കുക എന്നുള്ളതായിരിക്കണം എപ്പോഴും ക്രിസ്ത്യാനിയുടെ ലക്ഷ്യം. 4–ാം വാക്യം മത്തായി 5:48–നോടു ചേത്തു വായിക്കുക. ദൈവം ഏതുദ്ദേശസാദ്ധ്യത്തിനായി നമ്മെ സൃഷ്ടിച്ചിരിക്കുന്നുവോ ആ ഉദ്ദേശം നിറവേറുന്നതാണു് നമ്മുടെ പൂർണ്ണത. പൂർണ്ണരാകുവാനുള്ള ഉദ്യമത്തിലാണു് വിശ്വാസത്തിന്റെ സ്ഥാനവും ആവശ്യവും നമുക്കു വെളിപ്പെടുന്നതു്. പലവിധത്തിലുള്ള പരീക്ഷകളെയും പ്രയാസങ്ങളെയും നാം തരണം ചെയ്യേണ്ടിവരും. അവയാണു് നമ്മുടെ വിശ്വാസത്തെ ശോധനചെയ്തു സ്ഥിരപ്പെടുത്തുന്നതു്. അതുകൊണ്ടു് അവയെ നാം സസന്തോഷം സ്വാഗതം ചെയ്യുകയാണു് വേണ്ടതു്. നമ്മുടെ ലക്ഷ്യത്തെ മനസ്സിലാക്കി അതിലേയ്ക്കു പ്രയാണം ചെയ്യുവാൻ ആവശ്യമായ ജ്ഞാനം ദൈവത്തോടുചോദിക്കുന്നവക്കു സൗജന്യമായി ലഭിക്കും ജീവിതസൗഭാഗ്യത്തിനു നിദാനമായിട്ടുള്ളതു ബാഹ്യമായ ചുററുപാടുകളല്ല. എളിയ സഹോദരൻ ദൈവവുമായുള്ള കൂട്ടായ്മ ഏററവും വലിയ ധനമായി കരുതട്ടെ; അപ്രകാരം തന്നെ ധനവാൻ അവന്റെ സ്വയംപര്യാപ്തതയിൽനിന്നു രക്ഷപ്പെട്ടു ദൈവത്തിൽ ആശ്രയിച്ചു ജീവിക്കുന്നതിൽ പ്രശംസിക്കട്ടെ. ഒരുത്തൻ ദരിദ്രനായാലും ധനവാനായാലും അവൻ സഹിക്കേണ്ടിവരുന്ന പരീക്ഷ ദൈവത്തിലുള്ള വിശ്വാസത്തിൽ അവനെ സ്ഥിരപ്പെടുത്തുന്നെങ്കിൽ അതു് അവനു അനുഗ്രഹകരമായിരിക്കും.

ചൊവ്വാ. യാക്കോബു് 1:13—18.

പരീക്ഷകളെ ശരിയായി അഭിമുഖീകരിച്ചാൽ അവ വിശ്വാസസ്ഥിരത ഉളവാക്കുമെങ്കിലും അവനിമിത്തം ചില സംശയങ്ങൾ നമ്മുടെ മനസ്സിൽ ഉദിച്ചേക്കാം. ഇവയെല്ലാം കാരണഭൂതൻ ദൈവമാണെന്നു ചിലപ്പോൾ നമുക്കു തോന്നിയേക്കാം. എന്നാൽ മനുഷ്യനെ പരീക്ഷിക്കുന്നതു ദൈവത്തിന്റെ സ്വഭാവത്തിനു യോജിച്ചതല്ലെന്നു യാക്കോബു വ്യക്തമാക്കുന്നു. പരീക്ഷകളുടെ ഉത്ഭവം മനുഷ്യനിൽ തന്നെയാണു്. തിന്മ ദൈവത്തെ സ്പർശിച്ചിട്ടുപോലുമില്ല. അവൻ എല്ലാ നന്മയുടെയും ഇരിപ്പിടമാണു്. അവനു യാതൊരു മാററവും സംഭവിക്കുന്നുമില്ല. തിന്മ ചെയ്‌വാനുള്ള അഭിലാഷത്തിനു മനുഷ്യൻ കീഴ്പ്പെട്ടാൽ അവൻ പാപത്തിന്റെയും മരണത്തിന്റെയും അടിമയായിത്തീരുന്നു. എന്നാൽ ദൈവം സത്യത്തിന്റെ വചനമാകുന്ന ക്രിസ്തുവിൽ നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു. ക്രിസ്തുവുമായുള്ള ഐക്യത്താൽ നാം പാപത്തിൽനിന്നു സ്വതന്ത്രരായി പുതിയ ജീവൻ പ്രാപിക്കുന്നു.

ബുധൻ. യാക്കോബു് 1:19—27.

കേൾപ്പാൻ വേഗതയും പറവാൻ താമസവും—ഇതിനു നേരേ വിപരീതമല്ലയോ നമ്മുടെ സ്വഭാവം? കേൾപ്പാൻ താമസവും പറവാൻ വേഗതയുമാണു് നമുക്കുള്ളതെങ്കിൽ അതു നമ്മുടെ ആത്മീയ ജീവിതത്തിന്റെ വളർച്ചയ്ക്കു വലിയ തടസ്സമാണു്; അങ്ങനെയെങ്കിൽ ദൈവത്തിന്റെ വചനം ശ്രദ്ധിക്കുവാൻ നമുക്കു കഴിവില്ലാതാകും. പറവാനുള്ള വേഗത പലപ്പോഴും നമ്മെ കോപിഷ്ഠരാക്കുന്നു. ദൈവത്തിന്റെ വചനം ശ്രദ്ധിച്ചുകേട്ടാൽ മാത്രം പോരാ; അതു പ്രവൃത്തിയിൽ വരുത്തുകകൂടി ചെയ്യണം. നാം നമ്മുടെ ഹൃദയത്തെ വഞ്ചിക്കുന്ന ചില മാർഗ്ഗങ്ങൾ യാക്കോബു ചൂണ്ടിക്കാണിക്കുന്നു. 1) മതം കേവലം ഒരു സംസാരവിഷയമാക്കുക 2) വാഗ്വാദ[illegible]ളിൽ ഏർപ്പെടുക. 3) ദൈവ[illegible]നം കേട്ടു തൃപ്തിയടയുക. 4) [illegible]ഷ്ഠാനങ്ങളിൽ ആശ്രയി[illegible] വയെല്ലാം ഏറെക്കുറെ [illegible]ണു്. എന്നാൽ ഓരോ[illegible]ണു്. ഇ[illegible] ഞ്ചനയ്ക്കു സാദ്ധ്യത[illegible] വയെല്ലാം യാഥാ[illegible] ഹ്യപ്രകടനങ്ങ[illegible] നിടയുണ്ടു്. [illegible] രിതരായി, [illegible] വരെ സ[illegible] ട്ടൊഴി[illegible]

വരാണ് യഥാത്ഥ ഭക്തിയുള്ളവർ.

വ്യാഴം. യാക്കോബ് 2:1—13.

സ്നേഹം എന്ന രാജകീയ ന്യായപ്രമാണത്തേക്കുറിച്ചാണ് വി. യാക്കോബ് ഇവിടെ പറയുന്നതു്. അതാണ് ദൈവരാജ്യത്തിന്റെ പ്രമാണം. അതു സ്വീകരിച്ചിട്ടുള്ളവർ മുഖപക്ഷം കാണിച്ചുകൂടാ. യാക്കോബ് ഇതെഴുതിയ കാലത്തു് ക്രിസ്ത്യാനികൾക്ക് പള്ളികൾ ഉണ്ടായിരുന്നോ എന്ന സംശയമാണ്. അവർ ആരുടെയെങ്കിലും വീടുകളിൽ പരസ്യാരാധനയ്ക്കായി കൂടിവരികയായിരുന്നുപതിവു്. അവിടെ ഉച്ചനീചത്വവിവേചനയില്ലാതെ എല്ലാവരെയും സ്വാഗതം ചെയ്യേണ്ട ആവശ്യത്തെ പ്രത്യേകം ചൂണ്ടിക്കാണിക്കയാണ് വി. യാക്കോബു ചെയ്യുന്നതു്. സ്നേഹത്തിന്റെ ന്യായപ്രമാണം സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണവുമാണ്. സ്വാതന്ത്ര്യം ഇഷ്ടംപോലെ എന്തും ചെയ്യാനുള്ള അനുവാദമല്ല, പ്രത്യുത നമ്മെ സ്നേഹത്താൽ നിയന്ത്രിക്കുന്നതും വിധിക്കുന്നതുമായ ഒരു കർശന നിയമമാണ്. ദൈവത്തിന്റെ സ്നേഹത്തിൽ ജീവിച്ചാൽ മാത്രമേ നാം ദൈവത്തിന്റെ ന്യായവിധിയിൽനിന്നു രക്ഷപ്പെടുകയുള്ളു.

വെള്ളി. യാക്കോബ് 2:14—26.

വിശ്വാസം പ്രവൃത്തിയിൽ വന്നിട്ട് അങ്ങനെ ജീവിതത്തെ വ്യത്യാസപ്പെടുത്തിയില്ലെങ്കിൽ അതു ശരിയായ വിശ്വാസമല്ല. പ്രവൃത്തിയിൽ കാണാത്ത വിശ്വാസം നിർജ്ജീവമാണെന്നുള്ള സത്യം വി. യാക്കോബു വളരെ ശക്തിയായി പഠിപ്പിക്കുന്നു. ചിലർ ആന്തരീയമായ വിശ്വാസത്തിനും മററു ചിലർ ബാഹ്യമായ പ്രവൃത്തിക്കും അവരുടെ വിഭിന്ന മനോഭാവമനുസരിച്ചു കൂടുതൽ പ്രാധാന്യം കല്പിക്കുന്നു എന്ന് ആരെങ്കിലും പറഞ്ഞാൽ അതു സ്വീകാര്യമല്ല. വിശ്വാസം മാത്രമുള്ളതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. പിശാചുക്കൾക്കും വിശ്വാസമുണ്ടു്: അവർ വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു. അതുപോലെ നമുക്കും കറയററ വിശ്വാസമുണ്ടെന്നു് അവകാശപ്പെട്ടതുകൊണ്ടു ഫലമില്ല. നമുക്കു വിശ്വാസമുണ്ടോ എന്നുള്ളതിന്റെ തെളിവു നമ്മുടെ ജീവിതത്തിൽ കാണണം.

ശനി. യാക്കോബ് 3:1—12.

നാവിനെ നിയന്ത്രിക്കേണ്ട ആവശ്യത്തെക്കുറിച്ചു യാക്കോബ് വളരെ ശക്തിയായി പഠിപ്പിച്ചിട്ടുണ്ടു്.

“ഒരുത്തൻ വാക്കിൽ തെററാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു.” “ശരീരം” എന്ന പദം ഒരു മനുഷ്യന്റെ ആളത്വത്തെ മുഴുവൻ ഉൾക്കൊള്ളുന്നതായിട്ടാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നതു്. സ്വയനിയന്ത്രണം ഏററവും ആവശ്യമായിട്ടുള്ള ഒരു കാര്യമാണ് നമ്മുടെ സംസാരം. സംസാരത്തിലുള്ള അശ്രദ്ധ കേൾവിക്കാർക്ക് ഹാനികരമാണെന്നുള്ളതിലധികമായി സംസാരിക്കുന്ന ആളിന്റെ സ്വഭാവത്തെ ബാധിക്കുന്നു. നമ്മുടെ സംസാരത്തെ നാം നിയന്ത്രിച്ചില്ലെങ്കിൽ സംസാരം നമ്മെ നിയന്ത്രിക്കും. “നാവിനെ മനുഷ്യർക്കാർക്കും മരുക്കാവതല്ല” എന്നു പറഞ്ഞിട്ടുള്ളതിനാൽ നിയന്ത്രണം അസാദ്ധ്യമാണെന്നർത്ഥമില്ല. ഒരു മൃഗത്തെ മരുക്കിയാൽ അതു യജമാനനെ എന്നും അനുസരിച്ചേക്കും. എന്നാൽ മനുഷ്യനെ അങ്ങനെ മരുക്കാൻ സാധിക്കയില്ല. നിരന്തരപരിശ്രമവും ജാഗ്രതയുമില്ലാതെ മനുഷ്യന്റെ മനസ്സിനെയോ നാവിനെയോ നിയന്ത്രിക്കുക സാദ്ധ്യമല്ല.

രണ്ടു സ്നേഹിതന്മാർ

അദ്ധ്യായം 25

അവൾ വിശ്വസിക്കുന്നതു എനിക്കും വിശ്വാസം

എം. കുര്യൻ

പുലരി പതുക്കെ പൊട്ടിവിടുന്നു, പൂന്തോട്ടത്തിൽ വികസ്വരമായിക്കൊണ്ടിരുന്ന പൂക്കളിലെ സുഗന്ധം ആവഹിച്ചുകൊണ്ടു്, ഒരു പ്രഭാതവാതം രോഗി കിടന്ന മുറിയിലെ വാതായനങ്ങളിലൂടെ അകത്തേയ്ക്കു അടിച്ചുകയറി. സർവ്വത്ര ഒരു മനോഹാരിത. മനോജ്ഞതയുടെ കരവിന്യാസങ്ങൾ ചുററുപാടും ദർശിക്കാം.

രോഗി പതുക്കെ കണ്ണുതുറന്നു. മുമ്പിൽ ഒരു സുരസുന്ദരി, അധരങ്ങളിൽ മന്ദസ്മേരവുമായി, നിൽക്കുന്നതാണ് ആ യുവാവു് ആദ്യമായി കണ്ടതു്. അവൾ രാത്രിമുഴുവൻ രോഗിയുടെ സമീപം നിന്നു ശുശ്രൂഷിക്കുകയായിരുന്നു. പല ദിവസങ്ങളായി ഉറങ്ങാതെ രോഗപരിചരണത്തിൽ ബദ്ധശ്രദ്ധനായിക്കഴിഞ്ഞിരുന്ന ഡോക്ടർ, തീർത്തും ക്ഷീണിതനായി, അടുത്ത മുറിയിൽ കിടന്നുറങ്ങുന്നുണ്ടു്.

രോഗിയുടെ വിസ്മയഭാവം കണ്ടു് യുവതി പറഞ്ഞു: “എന്റെ പേരു് മറിയാമ്നെയെന്നാണ്. അങ്ങേയ്ക്കു സുഖമുണ്ടെന്നു കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു.”

“അപ്പോൾ ഞാൻ മുമ്പിൽ കാണുന്നതു് ഒരു അപ്സരകന്യകയല്ലെന്നോ?”

“അല്ല. ഞാനൊരു മനുഷ്യയുവതിതന്നെയാണ്. ഇതാ, എന്റെ ദേഹത്തു പിച്ചിനോക്കൂ. ഞാനൊരു മായയും കിനാവുമൊന്നുമല്ലെന്നു ബോധ്യമാവും.”

അനുസരണമുള്ള ഒരു ശിശുവിനേപ്പോലെ ആ യുവാവു് അവളുടെ കൊഴുത്തുരുണ്ട കൈത്തണ്ടിൽ പിച്ചി; അനന്തരം ഒരു മന്ദസ്മിതത്തോടെ ഇപ്രകാരം പറഞ്ഞു: “എന്തൊക്കെയാണ് നടന്നതെന്നു എനിക്കൊരു ഓർമ്മയുമില്ല. പിസിദിയൻ അന്ത്യോഖ്യയിൽ എത്തിയതുമാത്രമറിയാം.”

“അങ്ങേയ്ക്കു രോഗം വളരെ കൂടുതലായിരുന്നു. എന്നാൽ യേശു ഞങ്ങളുടെ പ്രാർത്ഥന കേട്ടു്, അങ്ങേയ്ക്കു സുഖം നൽകിയിരിക്കുന്നു.”

“നിന്റെ പ്രാർത്ഥനയല്ലേ?”

അവളുടെ കപോലങ്ങളിൽ അരുണിമ വ്യാപിച്ചു. അപ്പൊളോണിയസ് അവളുടെ കൈവിരലുകളിൽ സ്വന്തം കൈയോടിച്ചെങ്കിലും, അവൾ കൈ പിൻവലിച്ചില്ല. “ഞങ്ങൾ എല്ലാവരുടേയും പ്രാർത്ഥനയെന്നാണ് ഞാൻ ഉദ്ദേശിച്ചതു്. അങ്ങയുടെ സഹോദരൻ ലൂക്കോസും പ്രാർത്ഥിച്ചു.” അവൾ വിശദീകരണമെന്നോണം പറഞ്ഞു. അനന്തരം, പെട്ടെന്നു കൈവലിച്ചെടുത്തിട്ടു് അവൾ തുടർന്നു: “ഞാൻ പോയി സ്വല്പം സൂപ്പ് എടുത്തുകൊണ്ടുവരാം. അങ്ങേയ്ക്കു ബോധം തെളിഞ്ഞ വസ്തുത ലൂക്കോസിനെ അറിയിക്കുകയും വേണം.”

കണ്ണു തിരുമ്മിക്കൊണ്ടു് ലൂക്കോസ് രോഗിയുടെ മുറിയിൽ പ്രവേശിച്ചു. യുവസൈന്യാധിപന്റെ അധരങ്ങളിൽനിന്നു ആദ്യമായി പുറത്തുവന്ന പദങ്ങൾ ഡോക്ടറെ വിസ്മയിപ്പിച്ചു: “ആ പെൺകുട്ടി ഏതാണ്?”

“മറിയാമ്നെ. അനന്യാസ് എന്നു പേരുള്ള ഒരു നെയ്ത്തുകാരന്റെ മകൾ. അഞ്ചുവർഷം മുമ്പ് ദമസ്കോസിൽവച്ചു ഞാനവരെ പരിചയപ്പെട്ടതാണ്.”

“നിങ്ങൾ—നിങ്ങൾ കാമുകീകാമുകന്മാരാണോ?”

ലൂക്കോസ് തലകുലുക്കി. “ഞങ്ങൾ സ്നേഹിതരാണ്.” ലൂക്കോസ് പുഞ്ചിരിക്കൊണ്ടു: “അവൾ ജ്യേഷ്ഠനിൽ പ്രേമപരവശയായിത്തീർന്നിട്ടുണ്ടെന്നു തോന്നുന്നു. നാം ഇവിടെ വന്നെത്തിയതിൽപിന്നിട്ട് അവൾ ഈ കിടക്കയുടെ സമീപത്തുനിന്നു മാറീട്ടില്ലെന്നു പറയാം.”

അപ്പോളോണിയസിന്റെ ഗണ്ഡതലങ്ങൾ സന്തോഷത്താൽ തുടുത്തു. മറിയാമ്നെ സ്വപ്നമായി മുറിക്കുള്ളിൽ പ്രവേശിച്ചതുമുതൽ രോഗിയുടെ കണ്ണുകൾ യുവതിയുടെ ഓരോ ചലനത്തേയും പിന്തുടർന്നുകൊണ്ടിരുന്നു. അപ്പോളോണിയസ് ആ യുവതിയുടെ സൗന്ദര്യത്തിൽ ഭ്രമിച്ചുപോയതിൽ ലൂക്കോസ് വിസ്മയം പ്രകടിപ്പിച്ചില്ല. അഞ്ചുവർഷംമുമ്പ് ഒരു ബാലികയായിരിക്കുമ്പോൾപോലും അവൾ ഒരു സുന്ദരിയായിരുന്നു. ഇന്നിപ്പോൾ പൂർണ്ണതാരുണ്യത്തിന്റെ താളലയങ്ങൾ അവളുടെ സൗന്ദര്യത്തെ പതിന്മടങ്ങ് വർദ്ധിപ്പിച്ചിട്ടുണ്ടു്. ഏതൊരു ശമധനന്റെയും മനസ്സു ചലിപ്പിക്കാൻ പോരുന്ന സൗന്ദര്യാതിരേകം. ഇരുവരും പരസ്പരം അവരെമാത്രം സംബന്ധിച്ച കാര്യങ്ങളിൽ ദത്താവധാനരാണെന്നു കണ്ടു്, ലൂക്കോസ് ശബ്ദമുണ്ടാക്കാതെ മുറിക്കു വെളിയിൽ പോയി.

അന്നു വൈകുന്നേരം പ്രോബസ് അപ്പോളോണിയസിന്റെ രോഗവിവരം തെരക്കിയപ്പോൾ ലൂക്കോസ് പറഞ്ഞു: “സുഖം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഇന്നു പനിച്ചില്ല. ഭക്ഷണം കഴിച്ചുതുടങ്ങി.”

“ഇനിയും എത്രനാളാണ് തർസോസിൽ താമസിക്കാനുദ്ദേശിക്കുന്നതു്?”

“കുറഞ്ഞപക്ഷം ഏതാനും ആഴ്ചക്കാലത്തേക്കെങ്കിലും അപ്പോളോണിയസിനു യാത്രചെയ്യാൻ കെല്പുണ്ടാവുകില്ല.”

“പൂർണ്ണസുഖമാകുന്നതുവരെ അപ്പൊളോണിയസ് ഇവിടെ പാർത്തുകൊള്ളട്ടെയെന്നു വയ്ക്കണം. അനന്യാസിനുണ്ടാകുന്ന ചെലവു് തെയോഫിലോസ് സന്തോഷത്തോടെ കൊടുത്തുകൊള്ളും. അപ്പൊളോണിയസിനാണെങ്കിൽ, ആ പെൺകുട്ടിയുടെ സാമീപ്യത്തിൽ വിരോധമൊട്ടു കാണുകയുമില്ല. മാത്രമല്ല, നാം നേരേ അന്ത്യോഖ്യയിലെത്തി സേർജിയസിന്റെ ആവശ്യങ്ങൾ ഗവർണ്ണറെ ധരിപ്പിക്കുകയും വേണം.”

പ്രോബസ് പറഞ്ഞതു് വളരെ യുക്തിപൂർവ്വമാണെന്നു ഡോക്ടർ കണ്ടു. അക്കാര്യം സേനാനായകന്റെ അടുക്കൽ സൂചിപ്പിച്ചപ്പോൾ അതിനെതിരൊന്നും പ്രകടിപ്പിക്കുകയുണ്ടായില്ല. കിടക്കയുടെ വക്കത്തായി ഇരുന്ന യുവതിയുടെ ഒതുങ്ങിയ അരക്കെട്ടിൽ ഒരു കരം ചുററി, ആ യുവാവു് ഇപ്രകാരം പറഞ്ഞു: “ലൂക്കോസേ! ഞാനും മറിയാമ്നെയും നിന്നോടു് എത്രയധികം കടപ്പെട്ടിരിക്കുന്നുവെന്നു് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അനന്യാസ് തർസോസിൽ പാർക്കുന്ന വിവരം നീ ഓർത്തിരുന്നില്ലെങ്കിൽ, ഞാൻ ഇവളെ കണ്ടുമുട്ടുമായിരുന്നില്ല. എന്നെ വിവാഹം കഴിക്കുവാൻ സമ്മതമാണോ എന്നു് ഞാൻ മറിയാമ്നെയോടു ചോദിച്ചു. എന്റെ പിതാവു് അനുമതി നൽകുന്നപക്ഷം, അവൾക്കു സമ്മതമാണെന്നു അവൾ പറയുന്നു. അനിയാ, നീ വീട്ടിൽ ചെല്ലുമ്പോൾ ഞങ്ങളുടെ വിവാഹക്കാര്യം ഉണർത്തിച്ചു്, അതിനു പിതാവിന്റെ അനുമതി വാങ്ങിത്തരണം.”

മറിയാമ്നെ എഴുന്നേററു: “അതൊക്കെ നിങ്ങൾതമ്മിൽ സംഭാഷിച്ചാൽമതി. ഞാൻ പോയി, അത്താഴം” ഒരുക്കട്ടെ. അവൾ നടന്നു.

ലൂക്കോസ് ചോദിച്ചു: “ഇക്കാര്യത്തിൽ പിതാവിന്റെ അഭിപ്രായം എന്തായിരിക്കുമെന്നു ആലോചിക്കുകയുണ്ടായോ? മറിയാമ്നെ ഒരു യഹൂദസ്ത്രീയാണ്. അവളുടെ പിതാവു് കേവലം ഒരു തൊഴിൽക്കാരനും—ഒരു നെയ്ത്തുകാരൻ മാത്രം. പോരെങ്കിൽ, അവർ ക്രിസ്ത്യാനികളാണുതാനും.”

“അതൊരു പോരായ്കയായി നിനക്കു തോന്നുന്നുണ്ടോ?”

“ഇല്ല. പക്ഷെ, എന്റെ കാര്യമല്ല ഞാൻ സൂചിപ്പിച്ചതു്. എന്റെ പിതാവു്, ജ്യേഷ്ഠന്റെ പിതാവിനാൽ മോചിപ്പിക്കപ്പെടുന്നതിനുമുമ്പു്, ജ്യേഷ്ഠന്റെ പിതാമഹന്റെ ഒരടിമയായിരുന്നു. എന്നാൽ ശ്രീമാനായ തെയോഫിലോസ് റോമാസാമ്രാജ്യത്തിലെ അഭിജാതരായ ന്യായാധിപന്മാരിൽ ഒരാളാണെന്നോർക്കണം. ജ്യേഷ്ഠൻ അദ്ദേഹത്തിന്റെ അനന്തരാവകാശിയാണ്.”

“എന്നിരിക്കിലും, നിന്റെ അഭിപ്രായത്തിനു ഞാൻ വില കല്പിക്കുന്നു. ആദ്യമായി മറിയാമ്നെയെ നീയാണ് തെരഞ്ഞുപിടിച്ചതു്. ദമസ്കോസിൽവച്ചു നിങ്ങൾതമ്മിലുണ്ടായ സ്നേഹബന്ധത്തെപ്പററി അവൾ പറയുകയുണ്ടായി.”

ലൂക്കോസ് പുഞ്ചിരിതൂകി. “ശരിതന്നെ. എല്ലാം മംഗളമായി കലാശിക്കട്ടെ. ഇവിടെവന്നു മറിയാമ്നെയേയും പിതാവിനേയും നേരിട്ടുകാണുന്നതിനു് ഞാൻ പിതാവിനെ നിർബന്ധിക്കാം.”

അപ്പൊളോണിയസ് ഒരുനിമിഷം മൗനമായിരുന്നശേഷം ചോദിച്ചു: “ലൂക്കോസേ! എന്നെ സുഖപ്പെടുത്തിയതു് എന്താണ്? നീ എന്തു വിചാരിക്കുന്നു?”

“അതൊരു അത്ഭുതസംഭവമാണെന്നുവരാം. മറിയാമ്നെയും പിതാവും ശൗലും അങ്ങനെതന്നെ വിശ്വസിക്കുന്നു. എന്നാൽ പ്രോബസിന്റെ അഭിപ്രായം മറിച്ചാണ്. അധികരക്തം എടുത്തുകളഞ്ഞതുകൊണ്ടു് ഇത്തരം രോഗം ഹിപ്പോക്രത്തിസ് സുഖപ്പെടുത്തിട്ടുണ്ടത്രെ.”

“അവർ വിശ്വസിക്കുന്നപ്രകാരം യേശുവോ ദൈവമോ നേരിട്ടു് ഇടപെട്ടു് സുഖപ്പെടുത്തിയിരിക്കാമെന്നുള്ള സാധ്യതയെ നീ നിഷേധ[illegible]ക്കുമോ?”

ലൂക്കോസ് പുഞ്ചിരിച്ചു “[illegible] പ്രധാനമായ സംഗതി, ജ്യേ[illegible] സുഖം കിട്ടിയെന്നുള്ളതാണ്[illegible] കൊണ്ടു് ഞാൻ തൃ[illegible]ള്ളാം.”

“മറിയാമ്നെയു[illegible] ശ്വസിക്കുന്നപ്രകാ[illegible] ലെന്താണെന്നു് [illegible]ക്ടർ [illegible] കയാണ്. നി[illegible] ന്നുണ്ടായിരു[illegible]

“അ[illegible]

ലാക്കാരന്റെ ഉദ്ബോധനങ്ങൾ, ഞാൻ കണ്ടിട്ടുള്ളതിൽ ഏററവും മികച്ച ധാർമ്മികസൂക്തങ്ങൾ അടങ്ങിയവയാണ്. ജീവിക്കാൻ പററിയ ഒന്നാംതരം തത്വങ്ങൾ."

"പിന്നെ, എന്തുകൊണ്ട് നീ യേശുവിൽ വിശ്വസിക്കുന്നില്ല?"

"യേശു മരണാനന്തരവും ജീവിക്കുന്നുണ്ടെന്നും അവൻ യഹോവയുടെ പുത്രനാണെന്നും മററുമാണ് ഇക്കൂട്ടരുടെ വിശ്വാസം. ഒരു ദിവസം അവൻ തിരികെവന്ന് ലോകത്തെ ഭരിക്കുമെന്നും അവർ പറയുന്നു. ഇതെല്ലാം അസംഭവ്യങ്ങളാണെന്നും, ദേവന്മാരെന്നൊരു കൂട്ടരില്ലെന്നുമാണ് ശാസ്ത്രപഠനത്തിൽനിന്നും ഞാൻ ഗ്രഹിച്ചിട്ടുള്ളത്."

അപ്പൊളോണിയസ് അമ്പരപ്പോടെ ശിരസ്സുകുലുക്കി. "അനിയാ, നിന്റെ തത്വങ്ങളൊന്നും എനിക്കു മനസ്സിലാവുന്നില്ല; ഒരിക്കലും മനസ്സിലായിട്ടുമില്ല. അങ്ങനെയുള്ള കാര്യങ്ങൾ ഞാൻ തത്വശാസ്ത്രജ്ഞന്മാർക്കു വിടുന്നു. ഞാൻ മറിയാമ്നെയിൽ അനുരക്തനാണ്; അവൾ വിശ്വസിക്കുന്നതെന്തും വിശ്വസിക്കുക പ്രായേണ എളുപ്പമായി എനിക്കു തോന്നുന്നു."

"അതിൽ കുഴപ്പമില്ല," പുഞ്ചിരിയോടെ ലൂക്കോസ് പറഞ്ഞു. "സർവ്വത്തിനും ഉപരിയായി ഒരു ദേവനുണ്ടെന്നുവരികിൽ, ഒരു പുരുഷന് തന്റെ ഭാവിസന്താനങ്ങളുടെ മാതാവാകേണ്ട സ്ത്രീയോടു തോന്നുന്ന പ്രേമം അവനിൽനിന്ന് ഉറവെടുക്കുന്നതായിരിക്കണം; അങ്ങനെയൊരു ദേവൻ ഇല്ലെന്നുവരുകിൽ, ഇരുവരെയും ആനന്ദത്തിൽ കൂട്ടിച്ചേർക്കാൻ കഴിയുന്ന ഏകശക്തി പ്രേമം മാത്രമാണ്."

കപ്പൽ കയറുന്നതിനു മുമ്പായി ശൗലിനെ പോയിക്കണ്ട്, ആ മനുഷ്യൻ അപ്പൊളോണിയസിനു വേണ്ടി ചെയ്ത സേവനങ്ങൾക്കു കൃതജ്ഞത പറയണം. ആ പ്രയത്നങ്ങൾ ഫലപ്രദമായോ ഇല്ലയോ എന്നുള്ളതു സംബന്ധിച്ച് ലൂക്കോസിനുള്ള അഭിപ്രായം മറെറാരു കാര്യമാണ്. തർസോസ് കൂടാരനിർമ്മിതിക്കു [illegible]ിപെററ പട്ടണമായിരുന്നു. [illegible]ത്തിനുള്ള തുണിനെയ്യുന്ന ശാ[illegible] ഡോക്ടർ കയറിച്ചെന്നു. [illegible] തൊഴിലാളികൾ തറികള[illegible]ലിരുന്നു വൈദഗ്ദ്ധ്യ[illegible]യോടുക്കുന്നുണ്ട്. സ്ലിൻ [illegible]മ്പോട്ടും പുറകോട്ടും അതിശീഘ്രം ഓടുന്നതുകൊണ്ടുള്ള ശബ്ദത്താൽ അന്തരീക്ഷം മുഖരിതമായിരുന്നു.

ശൗൽ മുമ്പോട്ടുവന്നു. "ലൂക്കോസേ! സ്വാഗതം! സേനാനായകനായ അപ്പോളോണിയസിനു് എങ്ങനെയിരിക്കുന്നു.?"

"ആരോഗ്യം പ്രാപിച്ചുവരുന്നു.– പ്രേമരാഗം ഹൃദയത്തെ കരളുന്നുണ്ടെങ്കിലും."

"ഓ, അതു് ഞാൻ കഴിഞ്ഞതവണ അവിടെ പോയിരുന്നപ്പോൾ മനസ്സിലാക്കി. പക്ഷേ, തെയോഫിലോസ് എന്തുപറയും? മകൻ ഒരു യഹൂദവംശജയെ വിവാഹം ചെയ്യുവാൻ സമ്മതിക്കുമോ?"

"എനിക്കറിഞ്ഞുകൂടാ. അവരുടെ പേർക്ക് ന്യായവാദം നടത്താൻ എന്നെ ഭരമേല്പിച്ചിരിക്കയാണ്."

"നന്നായി. ഇതിനേക്കാൾ വാചാലനായ ഒരു വക്കീലിനെ അവർക്കു കിട്ടാനില്ല." പുഞ്ചിരിതൂകിക്കൊണ്ടു ശൗൽ തുടർന്നു. "പക്ഷേ, ഗുരുവിന്റെ രാജ്യം ഏതു നിമിഷത്തിലെങ്കിലും വരാം. അന്നു് വിവാഹമോ വിവാഹത്തിനു കൊടുക്കലോ ഉണ്ടായിരിക്കുന്നതല്ല."

ലൂക്കോസ് വിസ്മയിച്ചു. "എന്തു്? യേശു ഭൂമിയിൽ ഭരണം നടത്തുമെന്നു് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?"

"എന്തുകൊണ്ടു പാടില്ല? ഭൂമി കർത്താവിന്റെ വകയാണ്. അദ്ദേഹത്തിന്റെ പുത്രനും അതിന്മേൽ ഭരണം നടത്തിക്കൂടെന്നോ?"

"ഞാൻ അക്കാര്യത്തെപ്പററി ചിന്തിച്ചിട്ടില്ല: യേശു ഏതോ ആത്മികരാജ്യത്തെപ്പററി പ്രസ്താവിക്കുന്നതായിട്ടാണ് ചുരുളിൽനിന്നു ഞാൻ മനസ്സിലാക്കീട്ടുള്ളത്."

"എന്തുകൊണ്ട് രണ്ടുമായിക്കൂടാ? ദൈവപുത്രൻ ഭൂമിയിലെ രാജാക്കന്മാരുടെ മുമ്പിൽ തലകുനിക്കാനോ" ഒരു മന്ദസ്വരത്തോടെ ശൗൽ തുടർന്നു. "ലൂക്കോസേ! ദൈവത്തിന്റെ രഹസ്യവഴികൾ കേവലമനുഷ്യനു മനസ്സിലാവുകയില്ല. ഇവിടെ തർസോസിലിരുന്നു കൂടാരമുണ്ടാക്കുന്നതിനേക്കാൾ മഹത്തരമായ ഏതോ ജോലി എനിക്കായി ദൈവം കരുതീട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. നാം വീണ്ടും കണ്ടുമുട്ടണമെന്നുള്ളതും ദൈവഹിതത്തിൽപെട്ടതായിരുന്നു".

"പക്ഷേ, ദേവന്മാരെന്നൊരു കൂട്ടരില്ലെന്നും, ഒരു മനുഷ്യന് ഒരിക്കലും ദേവകുമാരനായിരുന്നു കൂടെന്നും യുക്തി ചിന്ത പറയുന്നു."

"ഒരു മനുഷ്യനും മനസ്സുകൊണ്ടുമാത്രം ദൈവത്തെയോ ദൈവപുത്രനെയോ ഗ്രഹിക്കാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ ആസ്തിക്യം തെളിയിക്കാൻ യുക്തിചിന്തയെ കൂട്ടുപിടിച്ചു ബുദ്ധിമുട്ടേണ്ടതില്ല. യേശുക്രിസ്തുവിനെ മനുഷ്യരാശിയുടെ രക്ഷിതാവായി സ്വീകരിക്കാൻ നീ തയ്യാറാവുമ്പോൾ, യഥാർഹമായ സ്ഥാനത്ത്—ഹൃദയത്തിൽ– തൽസംബന്ധമായ വെളിപ്പാടു് ഉണ്ടായിക്കൊള്ളും. അങ്ങനെ ഹൃദയത്തിൽ നീ യേശുവിനെ അറിയും".

ശൗൽ തുടർന്നു: "ആകട്ടെ, ആ ചുരുളിന് എന്തു സംഭവിച്ചുവെന്നറിയാമോ?"

"എന്തു്? ഞാനതു് അന്നു് നിങ്ങളെ ഏൽപിച്ചല്ലോ? അതു് കളഞ്ഞുപോയോ?"

"അങ്ങനെയല്ല. യരുശലേമിൽ ചെന്നപ്പോൾ ഞാനതു് ശീമോൻപത്രോസിനെ ഏൽപിച്ചു. ഇപ്പോൾ അതു കാണ്മാനില്ലെന്നു പറയുന്നതു് കേട്ടു".

"അതു് ഏതെങ്കിലുംവിധത്തിൽ നഷ്ടപ്പെട്ടിരിക്കുമോ? ലൂക്കോസിന്റെ സ്വരത്തിൽ ആശങ്ക ധ്വനിക്കുന്നുണ്ടായിരുന്നു.

"കർത്താവിന്റെ വചനം ഒരുനാളും നഷ്ടപ്പെടുകയില്ല. ലൂക്കോസേ! പരിഭ്രമിക്കാതിരിക്കൂ! മനുഷ്യരുടെ ഹൃദയഭിത്തികളിൽ വിരചിതമായിട്ടുള്ള ആ വചനങ്ങൾ ഒരിക്കലും നശിച്ചുപോവുകയില്ല. നമുക്കിപ്പോൾ പിരിയാം. ഞാൻ യാത്ര പറയുന്നു. നമ്മുടെപാത ഇനിയും കൂട്ടിമുട്ടുമെന്നു ഓർത്തുകൊള്ളുക. അതു ദൈവനിയോഗമാണ്. ഒരുപക്ഷേ, അധികം താമസിയാതെതന്നെ, ദൈവത്തിന്റെ പ്രവർത്തനപദ്ധതി നമുക്കു വെളിപ്പെട്ടു കിട്ടുമായിരിക്കും".

ഹസ്തദാനം ചെയ്തു് അവർ യാത്ര പറഞ്ഞുപിരിഞ്ഞു.

രണ്ടുദിവസം കഴിഞ്ഞു; പ്രോബസും ലൂക്കോസും അന്ത്യോഖ്യയിലേക്കു് കപ്പൽ കയറി. അപ്പോളോണിയസ് പിതാവിന്റെ പേർക്ക് എഴുതിയ ഒരു കത്തു് ലൂക്കോസിന്റെ പക്കൽ ഉണ്ടായിരുന്നു. മറിയാമ്നെയെ വിവാഹം ചെയ്യുന്നതിനും ഒരു ക്രിസ്ത്യാനിയായിത്തീരുന്നതിനും താൻ തീരുമാനിച്ചിരിക്കുന്നവിവരം പിതാവിനെ അറിയിക്കുന്ന ഒരു കത്തായിരുന്നു അതു്.

പ്രവചനവുംപ്രവചനഗ്രന്ഥങ്ങളും 2

യഹോവയുടെ അരുളപ്പാട്

(ഫാദർ എം. വി. ജോർജ്ജ് എം.എ. എസ് ടി എം.)

ഒരു പ്രവാചകന്റെ പ്രഥമവും പ്രധാനവുമായ ജോലി യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്നാൽ എന്ന സാധാരണ പല്ലവിയിലെ അർത്ഥത്തിനനുസരിച്ച് ദൈവത്തിനുവേണ്ടി മനുഷ്യരോടു സംസാരിക്കുക എന്നുള്ളതാണ്. വരുവാനുള്ള കാര്യങ്ങളെക്കുറിച്ചു മുൻകൂട്ടിപ്പറയുക എന്നുള്ളതു് പ്രവാചകന്റെ ഏററവും പ്രധാനപ്പെട്ട ചുമതലയായി പരിഗണിക്കേണ്ട ആവശ്യമില്ല. Prophet is not a fore-teller, but a forth-teller യഹോവ മോശയോടരുളിച്ചെയ്തതു് "നോക്കു്, ഞാൻ നിന്നെ ഫറവോന്നു ദൈവമാക്കിയിരിക്കുന്നു. നിന്റെ സഹോദരൻ അഹറോൻ നിനക്കു പ്രവാചകനായിരിക്കും. (പുറപ്പാടു് 7:1) മോശയുടെ പ്രവാചകനായ അഹറോന്നുണ്ടായിരുന്ന ചുമതല വരുവാനുള്ള കാര്യങ്ങൾ അറിയിക്കുക എന്നുള്ളതല്ലായിരുന്നു, പിന്നെയോ മോശയ്ക്കുവേണ്ടി ഫറവോനോടു സംസാരിക്കുക എന്നുള്ളതായിരുന്നു. ഇതുപോലെ ശക്തിയായ രീതിയിൽ ദൈവത്തിന്റെ അരുളപ്പാടു് യഥാർത്ഥത്തിൽ ആർക്കു ലഭിക്കുന്നുവോ അവൻ ഒരു പ്രവാചകനാണ്. എന്റെ വചനം തീ പോലെയും പാറയെത്തകർക്കുന്ന ചുററികപോലെയുമല്ലയോ എന്നു യഹോവയുടെ അരുളപ്പാടു് (യിരമ്യാ 23:29) പലപ്പോഴും അടക്കിവയ്ക്കുവാൻ നിവൃത്തിയില്ലാത്ത രീതിയിൽ ദൈവത്തിന്റെ അരുളപ്പാടിനാൽ പിടിക്കപ്പെട്ടിട്ടുള്ളവരാണ് പ്രവാചകന്മാർ. സിംഹം ഗർജ്ജിച്ചിരിക്കുന്നു. ആർ ഭയപ്പെടാതിരിക്കും. യഹോവയായ കർത്താവു് അരുളിച്ചെയ്തിരിക്കുന്നു. ആർ പ്രവചിക്കാതിരിക്കും (ആമോസ് 3:8) "ഞാനിനി അവന്റെ നാമത്തിൽ സംസാരിക്കുകയില്ലെന്നു പറഞ്ഞാലോ അതെന്റെ അസ്ഥിയിൽ അടക്കപ്പെട്ടിട്ടു് എന്റെ ഹൃദയത്തിൽ തീ കത്തുന്നതുപോലെയിരിക്കുന്നു. ഞാൻ സഹിച്ചു തളർന്നു എനിക്കു വഹിയാതെയായി. (യിരമ്യാ 20:9.) എന്നു പ്രവാചകൻ പറയത്തക്കവണ്ണം യഹോവയുടെ അരുളപ്പാടു് അ[illegible]തിയോടുകൂടിയാണ് അദ്ദേഹത്തിനു ലഭിച്ചിരുന്നതു്.

അരുളപ്പാടുലഭിക്കുന്ന വിധങ്ങൾ

സാധാരണയായി യഹോവയുടെ അരുളപ്പാടു പ്രവാചകന്മാർക്കു ലഭിച്ചുകൊണ്ടിരുന്നതു് താഴെപ്പറയുന്ന വിധങ്ങളിലായിരുന്നു.

1. ദർശനംവഴി. ഉസ്സീയാരാജാവു മരിച്ച ആണ്ടിൽ യെശയ്യാപ്രവാചകനെ ദൈവം വിളിച്ചതു് ഒരു വലിയ ദർശനം വഴിയായിരുന്നല്ലോ. യെശയ്യാ 6–ാം അദ്ധ്യായം നോക്കുക. ഇതുപോലെ യെസക്കിയേലിന്റെ പ്രവചനം പരിശോധിച്ചാൽ അനേകം ദർശനങ്ങൾവഴിയായി ദൈവം അദ്ദേഹത്തോടു സംസാരിച്ചതായി മനസ്സിലാക്കാം. ഇങ്ങനെയുള്ള ദർശനങ്ങൾ വലിയ ആദ്ധ്യാത്മിക അർത്ഥങ്ങൾ അടങ്ങിയവയായി പ്രവാചകന്മാർ പരിഗണിച്ചുവന്നതിനാൽ സവിസ്തരം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

2. സാധാരണകാഴ്ചകൾവഴി. നാം കണ്ടുകൊണ്ടിരിക്കുന്ന അതേ കാഴ്ചകൾതന്നെ ഒരു പ്രവാചകൻ കാണുമ്പോൾ അവയിൽക്കൂടി ദൈവത്തിന്റെ അരുളപ്പാടുകൾ മനസ്സിലാക്കുക സാധാരണയായിരുന്നു. ഉദാഹരണമായി യിരമ്യാ 18–ാമദ്ധ്യായത്തിൽ പറയുന്നതുപോലെ യിരമ്യാ പ്രവാചകൻ ഒരു കുശവന്റെ വീട്ടിൽ ചെല്ലുകയും കുശവൻ കളിമണ്ണുകൊണ്ടു പാത്രങ്ങൾ ഉണ്ടാക്കുന്നതു കാണുകയും അതിൽനിന്നും യഹോവയ്ക്കു ഇസ്രായേൽ ഗൃഹത്തിന്മേലുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചും മററും പ്രതിപാദിക്കുകയും ചെയ്തിരിക്കുന്നു.

3. സ്വാനുഭവങ്ങൾവഴി. ഹോശയാ പ്രവാചകന്റെ വിവാഹജീവിതത്തിലെ പരാജയങ്ങളെയും അവിശ്വസ്തയായ ഭാര്യയോടു ഹോശയായുടെ സ്നേഹത്തെയും പരാമർശിച്ചുകൊണ്ടു് അനേക പാഠങ്ങൾ ആ പുസ്തകത്തിൽ ദൈവത്തിനു് ഇസ്രായേലിനോടുള്ള സ്നേഹത്തെക്കുറിച്ചു പഠിപ്പിച്ചിരിക്കുന്നു. ഇതുപോലെതന്നെ യിരമ്യാവിനെ ബാല്യത്തിൽ ദൈവം വിളിച്ചതിൽനിന്നും പൊട്ടക്കിണററിൽ ഇട്ടതിൽനിന്നും മററും പല കാര്യങ്ങൾ പൊതുപ്രയോജനത്തിനായി ആ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. (തുടരും)

ട്രാവൻകൂർ ഫോർവ്വേഡ്ബാങ്ക് (ക്ലിപ്തം)

ഹെഡ്ആഫീസ്: കോട്ടയം

അധികൃതമൂലധനം	രൂ 50,00,000
വസൂലാക്കുമൂലധനം	രൂ 25.00 000
നിക്ഷിപ്തമൂലധനം	രൂ 150,000
കരുതൽധനം	രൂ 7,88,000
പ്രവർത്തനമൂലധനം	രൂ 4,91,12000

[31-12-56]

ശരിയായ ഈടിന്മേൽ കുറഞ്ഞ കാലത്തേക്കു വായ്പ ആവശ്യമുള്ളവർ ഞങ്ങളുടെ 47 ശാഖകളിൽ ഏതിനെയെങ്കിലും സമീപിക്കുക. ബാങ്കിംഗ്സംബന്ധമായ എല്ലാപ്രവർത്തനങ്ങളും നടത്തിവ[illegible]

Look forward and bank
With Forward Bank.

എം. സി. മ[illegible]ക്കടർ
മാനേജിംഗ് [illegible]

M. Reg No 5268. Licence No.498:

ചർച്ച്വീക്കിലി

IN GOD WE LIVE, AND MOVE, AND HAVE OUR BEING

James Reid

It is not clear whether or not this is a quotation from a pagan thinker. But Paul accepted it as one of the basic truths of life. He had been vexed to find in Athens an altar inscribed, "To the unknown God," and he assured those whom he was addressing that God is not far from every one of us.

Tennyson says, "Closer is He than breathing and nearer than hands and feet." An old friend whose whole spirit was saturated in the Christian faith said to me one day, "God is as near to me as the air I breathe." Paul went even further when he said to his pagan audience, "In God we live, and move, and have our being"

This might not mean much to them for they did not know God as Jesus revealed Him. But to us it can mean something infinitely wonderful. Perhaps we have never outgrown the childish idea that God is somewhere above the bright blue sky. Or it may be this busy, noisy world has crowded God out. But to think about this truth, realize its meaning and live by it can change the face of life. It brings God into our everyday experience.

He is the breath of our love, the source of all our goodness, the inspiration of all that is true and lovely. "Seems to me," said a dying man, "that when I go to God I'm going into the very middle of all that's alive." But here and now we are in the very middle of all that's alive. "In Him we live, and move, and have our being."

This truth emphasizes our utter dependence on God. To realize this and keep our hearts and minds continually open to His love and to His guiding, is what it means to live in God. This is, for one thing, the secret of stability. Most of us are apt to be at the mercy of hopes and fears so that a few minute with the daily newspaper can threaten our sense of security. An engine needs to be bolted down to a solid bed of concrete if it is not to shake itself to pieces. The rush and pressure of daily life with all its ups and downs does just that to us unless we have some solid foundation on which to rest.

Paul had this inner security and in prison could write those marvellous letters which have enriched and deepened the faith of millions. His physical life might be at the mercy of Nero; but the life of his spirit was not; as he says, it was "hid with Christ in God."

The lack of this faith in God is the root of much of the instability that wrecks life for many people and threatens the peace of the world. Jung the psychologist, in a well-known book. says that of all his patients over 35 there had not been one whose problem in the last resort was not that of finding a religious out-look on life, and not one of them had been really helped who did not regain his religious outlook.

The source of our true security in this world of change and decay is not outside ourselves but within. Jesus made that clear. Moth and rust eat into our treasures. The only incorruptible treasure is the heavenly kind which comes from finding our dwelling place in God.

This is also the secret of spiritual growth, the development of our true personality. We cannot become our true selves by any effort on our own part. It is God who "worketh in us both to will and to do." Jesus did not call us into His fellowship to add another burden to those we already carry. He came to release us from the strain of the burdens we do carry.

"Take My yoke,' He said, "and learn of Me and ye shall find rest to your souls." No man by worrying can "add one cubit to his stature.' "Consider the lilies how they grow." If their roots are firmly set in the right soil and they have the right kind of climate, growth will come.

We are the channels of the life of God in us. A business man who was threatened with a nervous breakdown discovered this and let God take the strain, trusting that whatever burdens he might have to carry the resources of God would be at his disposal. He had only to do the work and God would provide the power.

The same thing is true of the growth of our spirit in Christian character. Love and patience and all the other virtues are not attained by our own effort. They are fruits of the Spirit. They grow in us according as we live in quiet dependence upon God and in obedience to His guiding.

This, of course, does not mean that there is nothing for us to do. On the contrary if we live in this deep dependence on God and are only willing to be the channels of His Spirit, there will be battles to fight. We shall be called upon to stand up against temptation. We must work out in daily life what God is working in us. There are tasks which He sets for us.

The resources of God do not become ours till we face the duties which He inspires. His light will become clear as we give ourselves to walk in it, wherever it may lead. His grace becomes ours as we go into action at his command. But in all the work we do for the Kingdom of God and in the service of others it is God who acts. His is the energy; we are His agents

"Do you expect that you can convert China?, one of the first missionaries was asked. "No," he replied, "but I belive that God can." It was in this faith that he flung his whole heart and soul into the work and died in the courseof it.

This utter dependence on God can release all our energies. It can give us a new outlook and a new serenity. It sets us free from ourselves to cooperate with God. It calls us to a new outlook on prayer. Prayer is no longer merely asking God for things we know we need. God also knows our need. But there is only one way in which He can supply them and that is as we open the windows of our souls to His all-sufficient grace. The first priority in prayer is to realize the love and care of God and to be open to His guiding.

"I can do all things," Paul wrote, "through Christ who strengtheneth me;" and what tremendous things he did! "I live," he said, "yet not I but Christ liveth in me." The secret of life in the full sense of the word is there.(British Weekly)

Printed and Published by N. M. Abraham B. A at theMalayala Manorama Press, Kottayam.